23
2026
ജനുവരി
വെള്ളി
മകരം 9

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 24 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-24 പേജ് 4. വില 2.00 രൂപ

02 റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനായി പരിശീലന പരിപാടികൾ: മന്ത്രി

03 ഓപ്പറേഷൻ സിന്ദൂർ വിജയമാക്കിയത് സ്വന്തം ആർട്ടിഫിഷൽ ഇന്റലിജൻസ്

04 ട്വൻറി20 എൻഡിഎയിൽ; തെരഞ്ഞെടുപ്പിന് മുമ്പ് നിർണായക രാഷ്ട്രീയനീക്കം

# നയപ്രഖ്യാപന പ്രസംഗം വിമർശിച്ച് മുഖ്യമന്ത്രി, അംഗീകരിക്കില്ലെന്ന് സ്പീക്കർ

തിരുവനന്തപുരം : നയപ്രഖ്യാപന പ്രസംഗത്തിൽ ഗവർണർ രാജേന്ദ്ര അർലേക്കർ കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും നടത്തിയതിനെ സഭയിൽ വിമർശിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. മന്ത്രിസഭ അംഗീകരിച്ച നയപ്രഖ്യാപന പ്രസംഗത്തിലെ 12, 15, 16 ഖണ്ഡികകളിലാണ് മാറ്റം വരുത്തിയതെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഭരണഘടനയുടെ അന്തസ്സത്തയ്ക്കും സഭയുടെ കീഴ്വഴക്കങ്ങൾക്കും അനുസൃതമായി മന്ത്രിസഭ അംഗീകരിച്ച നയപ്രഖ്യാപന പ്രസംഗമാണ് നിലനിൽക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഗവർണർ ഒഴിവാക്കിയ ഭാഗങ്ങൾ മുഖ്യമന്ത്രി സഭയിൽ വായിച്ചു.



ഖണ്ഡിക 12 ൽ ആദ്യവാചകം 'ഇത്തരം സാമൂഹികവും സ്ഥാപനപരവുമായ നേട്ടങ്ങൾ കൈവരിച്ചിട്ടും ധനകാര്യ ഫെഡറലിസത്തിന്റെ ഭരണഘടനാപരമായ തത്വങ്ങളെ ദുർബലപ്പെടുത്തുന്ന കേന്ദ്രസർക്കാരിന്റെ തുടർച്ചയായ പ്രതികൂല നടപടികളുടെ ഫലമായി കേരളം ഗുരുതരമായ സാമ്പത്തിക ഞെരുക്കം നേരിട്ടുകൊണ്ടിരിക്കുകയാണ്' എന്നായിരുന്നു. ഈ വാചകം ഗവർണർ ഒഴിവാക്കിയെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഖണ്ഡിക 15 ലെ അവസാന രണ്ടു വാചകങ്ങൾ 'സംസ്ഥാനനിയമസഭകൾ പാസാക്കിയ ബില്ലുകൾ ദീർഘനാളുകളായി കെട്ടിക്കിടക്കുകയാണ്. ഈ വിഷയത്തിൽ എന്റെ സർക്കാർ സുപ്രീംകോടതിയെ സമീപിക്കുകയും അവ ഒരു ഭരണഘടനാ ബെഞ്ചിന് റഫർ ചെയ്തിരിക്കുകയുമാണ്'. ഈ വാചകവും ഗവർണർ വായിച്ചില്ല.

ഖണ്ഡിക 16 ലെ അവസാന വാചകം 'നികുതിവിഹിതവും ധനകാര്യകമ്മിഷൻ ഗ്രാന്റുകളും സംസ്ഥാനങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങൾ ആകുന്നതും ഔദാര്യം അല്ലാത്തതും, ഈ ചുമതല ഏൽപ്പിക്കപ്പെട്ടിട്ടുള്ള ഭരണഘടനാ സ്ഥാപനങ്ങൾക്കു മേലുള്ള ഏതൊരു സമ്മർദവും ഫെഡറൽ തത്വങ്ങളെ ദുർബലപ്പെടുത്തുന്നതാണ്' എന്നാണ്. ഇത് അതേപടി ഗവർണർ വായിച്ചെങ്കിലും ഈ വാചകത്തിനൊപ്പം 'എന്റെ സർക്കാർ കരുതുന്നു' എന്നു കൂട്ടിച്ചേർത്തുവെന്നും മുഖ്യമന്ത്രി പറഞ്ഞു. ഗവർണർ ഒഴിവാക്കിയത് കൂട്ടിച്ചേർത്തും കൂട്ടിച്ചേർത്തത് ഒഴിവാക്കിയും, മന്ത്രിസഭ അംഗീകരിച്ച നയപ്രഖ്യാപന പ്രസംഗം അംഗീകരിക്കണമെന്ന് സ്പീക്കറോട് മുഖ്യമന്ത്രി ആവശ്യപ്പെട്ടു. മന്ത്രിസഭ അംഗീകരിച്ച പ്രസംഗത്തിൽനിന്നു വ്യതിചലിക്കുന്നത് ഔദ്യോഗികമായി അംഗീകരിക്കില്ലെന്ന് സ്പീക്കർ പറഞ്ഞു.

## ലൈഫ് പ്രുവെൽത്ത് ഫോറെവർ പുറത്തിറക്കി

തിരുവനന്തപുരം: ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് 'ഐസിഐസിഐ പ്രുവെൽത്ത് ഫോറെവർ' എന്ന പുതിയ ഇൻഷുറൻസ് സ്കീം അവതരിപ്പിച്ചു. ലളിതവും നികുതി കാര്യക്ഷമവുമായ ലെഗസി പ്ലാനിംഗ് വഴി ഉപഭോക്താക്കളുടെ കുടുംബത്തിനു സാമ്പത്തിക സുരക്ഷ ഉറപ്പാക്കുകയാണ് ഉൽപ്പന്നത്തിന്റെ ലക്ഷ്യം. പ്ലാൻ പ്രകാരം ലൈഫ് കവർ തുക ഉപഭോക്താവിന് 99 വയസുവരെ മാസാന്തരം വർധിക്കുന്നതാണ്.

അപ്രതീക്ഷിത മരണം സംഭവിച്ചാൽ, മുഴുവൻ ലൈഫ് കവർ തുകയും നികുതിയില്ലാതെ നോമിനികൾക്ക് ലഭിക്കും.

പോളിസി കാലാവധി മുഴുവൻ ഉപഭോക്താവ് ജീവിച്ചിരുന്നാൽ അടച്ച പ്രീമിയം മുഴുവൻ തിരികെ ലഭിക്കും.

## വിസിലടിച്ച് വിജയ്, ടോർച്ചുമായി കമൽഹാസൻ; ചിഹ്നമായി

ന്യൂഡൽഹി: നടൻ വിജയ് രൂപീകരിച്ച രാഷ്ട്രീയ പാർട്ടിയായ തമിഴക വെട്രി കഴകത്തിന് (ടിവികെ) തെരഞ്ഞെടുപ്പ് ചിഹ്നമായി. വിസിൽ ആണ് ടിവികെയ്ക്ക് ചിഹ്നമായി കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ അനുവദിച്ചത്.

വരാനിരിക്കുന്ന തമിഴ്നാട് നിയമസഭാ തെരഞ്ഞെടുപ്പിൽ വിസിൽ ചിഹ്നത്തിലാകും ടിവികെ സ്ഥാനാർഥികൾ മത്സരിക്കുക. ചിഹ്നം ആവശ്യപ്പെട്ട് കഴിഞ്ഞവർഷം നവംബർ 11നാണ് ടിവികെ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷനെ സമീപിച്ചത്. ലഭ്യമായ ചിഹ്നങ്ങളിൽ നിന്ന് തെരഞ്ഞെടുത്ത ഏഴ് ചിഹ്നങ്ങളുടെ പട്ടികയാണ് അന്ന് പാർട്ടി തെരഞ്ഞെടുപ്പ് കമ്മീഷന് സമർപ്പിച്ചത്.

## മഞ്ഞനിക്കര പെരുന്നാൾ ഫെബ്രുവരി എട്ടു മുതൽ

പത്തനംതിട്ട: മഞ്ഞനിക്കര ദയറായിൽ കബറടങ്ങിയിരിക്കുന്ന ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ 94ാമത് ദുഖ്റോനോ പെരുന്നാൾ ഫെബ്രുവരി എട്ട് മുതൽ 14 വരെ കൊണ്ടാടും.

എട്ടിനു രാവിലെ മഞ്ഞനിക്കര ദയറാ കത്തീഡ്രലിൽ കുർബാനയ്ക്കുശേഷം കൊടിയേറും. യാക്കോബായ സഭയിലെ ദേവാലയങ്ങളിൽ അന്ന് പാത്രിയർക്കാ പതാകദിനമായി ആചരിക്കും. വൈകുന്നേരം ഓമല്ലൂർ കുരിശിങ്കൽ ദയറാതലവൻ ഗീവർഗീസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത കൊടിയേറ്റും.

ഒമ്പതു മുതൽ 12 വരെ രാവിലെ വിശുദ്ധ കുർബാനയും വൈകുന്നേരം കൺവൻഷൻ യോഗങ്ങളും നടക്കും. 13നു രാവിലെ മലബാർ മേഖലയിൽ നിന്നുള്ള പ്രധാന തീർഥാടകസംഘത്തെ ദയറാ കവാടത്തിൽ സ്വീകരിക്കും. 7.30ന് ബസേലിയോസ് ജോസഫ് കാതോലിക്കാ ബാവയുടെ പ്രധാന കാർമികത്വത്തിൽ കുർബാന.

ഉച്ചകഴിഞ്ഞ് മൂന്നിന് തീർഥാടക സംഘത്തെ ഓമല്ലൂർ കുരിശിങ്കലും സ്വീകരിക്കും. വൈകുന്നേരം തീർഥയാത്രാ സമ്മേളനം. ശ്രേഷ്ഠ കാതോലിക്കാ ജോസഫ് ബാവ അധ്യക്ഷത വഹിക്കും.

14നു പുലർച്ചെ മൂന്നിന് മാർ സ്തേഫാനോസ് കത്തീഡ്രലിലും അഞ്ചിന് ദയറാ കത്തീഡ്രലിലും കുർബാന ഉണ്ടാകും. 8.30ന് ദയറാ കത്തീഡ്രലിൽ പാത്രിയർക്കീസ് ബാവയുടെ പ്രതിനിധിയായി എത്തുന്ന മെത്രാപ്പോലീത്തയുടെ പ്രധാന കാർമികത്വത്തിൽ പെരുന്നാൾ കുർബാന, കബറിങ്കൽ ധൂപപ്രാർഥന, പ്രദക്ഷിണം, നേർച്ചവിളമ്പ് എന്നിവയോടെ പെരുന്നാൾ സമാപിക്കുമെന്ന് ദയറാ തലവൻ ഗീവർഗീസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തയും സെക്രട്ടറി ഷെവ. ടി.യു. കുരുവിളയും പത്രസമ്മേളനത്തിൽ അറിയിച്ചു.

## ശബരിമല സ്വർണക്കൊള്ള: തന്ത്രി കണ്ഠരര് രാജീവര് എസ്ഐടി കസ്റ്റഡിയിൽ

കൊല്ലം: ശബരിമല സ്വർണക്കൊള്ള കേസിൽ തന്ത്രി കണ്ഠരര് രാജീവരെ എസ്ഐടി കസ്റ്റഡിയിൽ വാങ്ങി. ഒരു ദിവസത്തേക്കാണ് കൊല്ലം വിജിലൻസ് കോടതി പ്രതിയെ കസ്റ്റഡിയിൽ നൽകിയത്.

ഉണ്ണികൃഷ്ണൻ പോറ്റിയുമായുള്ള ഇടപാടുകൾ, മറ്റ് പ്രതികളുമായുള്ള ബന്ധം തുടങ്ങിയ കാര്യങ്ങളിൽ വ്യക്തത തേടുന്നതിനാണ് തന്ത്രിയെ കസ്റ്റഡിയിൽ വാങ്ങി ചോദ്യം ചെയ്യുന്നത്. തന്ത്രിയുടെ ജാമ്യാപേക്ഷ ഈ മാസം 28ന് വിജിലൻസ് കോടതി പരിഗണിക്കും.

അതേസമയം, മറ്റൊരു പ്രതിയായ മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുരാരി ബാബു സമർപ്പിച്ച ജാമ്യ ഹർജികളിൽ നാളെ വിധി പറയും.




## കമലേശ്വരത്തെ യുവതിയുടെയും മാതാവിൻെറയും ആത്മഹത്യ; ഗ്രീമയുടെ ഭർത്താവ് അറസ്റ്റിൽ

മുംബൈ: കമലേശ്വരത്ത് യുവതിയും മാതാവും സയനൈഡ് കഴിച്ച് ജീവനൊടുക്കിയ സംഭവത്തിൽ മകളുടെ ഭർത്താവ് അറസ്റ്റിൽ. മരിച്ച ഗ്രീമയുടെ ഭർത്താവ് ഉണ്ണികൃഷ്ണനെ മുംബൈയിൽ നിന്നുമാണ് പിടികൂടിയത്. വിദേശത്തേക്ക് കടക്കാൻ ശ്രമിക്കുന്നതിനിടെയാണ് ഇയാൾ പോലീസിൻറെ വലയിലായത്.

ഉണ്ണികൃഷ്ണനെതിരെ ഗാർഹികപീഡനത്തിനും ആത്മഹത്യ പ്രേരണ കുറ്റത്തിനും പോലീസ് കേസെടുത്തിരുന്നു. തുടർന്ന് അന്വേഷണം നടക്കുന്നതിനിടെയാണ് ഇയാൾ മുംബൈയിൽ നിന്നും വിദേശത്തേക്ക് കടക്കാൻ ശ്രമിക്കുന്നുണ്ടെന്ന് പോലീസിന് വിവരം ലഭിച്ചത്.

ഗ്രീമയുടെയും മാതാവിൻറെയും ആത്മഹത്യ കുറിപ്പിൽ ഉണ്ണികൃഷ്ണനെതിരെ ഗുരുതര പരാമർശങ്ങളാണുള്ളത്. 200 പവൻ സ്ത്രീധനമായി വാങ്ങിയിട്ടും മാനസികമായി പീഡിപ്പിച്ചുവെന്നാണ് ആത്മഹത്യാകുറിപ്പിലുള്ളത്. ലോക്കറിൽ സൂക്ഷിച്ചിരിക്കുന്ന സ്വർണത്തിനും സ്വത്തിനും ഉണ്ണികൃഷ്ണന് അവകാശമില്ലെന്നും കുറിപ്പിലുണ്ട്. ഉണ്ണികൃഷ്ണൻറെ ബന്ധുവിൻറെ മരണവീട്ടിൽ വച്ചുണ്ടായ അധിക്ഷേപമാണ് ആത്മഹത്യക്ക് കാരണമെന്ന് കുറിപ്പ്. കമലേശ്വരത്ത് സജ്ജന (53), മാതാവ് ഗ്രീമ (33) എന്നിവരാണ് മരിച്ചത്.

## പഴയ വാഹനങ്ങളുടെ ഫിറ്റ്നസ് ടെസ്റ്റ് ഫീസിനത്തിൽ വൻ ഇളവ് വരുത്തി സംസ്ഥാന സർക്കാർ

പഴയ വാഹനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള ഫീസിൽ കേന്ദ്ര സർക്കാർ വരുത്തിയ വലിയ വർധനവ് സംസ്ഥാന സർക്കാർ പകുതിയോളം വെട്ടിക്കുറച്ചതായി ഗതാഗത മന്ത്രി കെ.ബി. ഗണേഷ് കുമാർ തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. കേന്ദ്ര നിയമഭേദഗതി പ്രകാരം 10, 15, 20 വർഷം പിന്നിട്ട ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ഏർപ്പെടുത്തിയ ഉയർന്ന നിരക്കുകളിൽ നിന്നും 50 ശതമാനം വരെ കുറവ് വരുത്തിയിട്ടുണ്ട്.

നിരക്കുകൾ കുത്തനെ കൂട്ടിയത് സാധാരണക്കാരായ വാഹന ഉടമകളെ വലിയ സാമ്പത്തിക പ്രതിസന്ധിയിലാക്കുന്ന സാഹചര്യത്തിലാണ് മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം സംസ്ഥാനത്തിന് നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് ഇത്തരമൊരു തീരുമാനമെടുത്തതെന്ന് മന്ത്രി ഗണേഷ് കുമാർ പറഞ്ഞു. ഈ പരിഷ്കാരം നടപ്പിലാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിന്റെ സോഫ്റ്റ്വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ ട്രാൻസ്പോർട്ട് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ദോഡ അപകടം; വീരമൃത്യു വരിച്ച സൈനികരുടെ എണ്ണം 10 ആയി

ശ്രീനഗർ: ജമ്മുകാഷ്മീരിലെ ദോഡയിൽ സൈനിക വാഹനം കൊക്കയിലേക്ക് മറിഞ്ഞ് വീരമൃത്യു വരിച്ച സൈനികരുടെ എണ്ണം 10 ആയി.

പരിക്കേറ്റ 10 സൈനികരെ ആശുപത്രിയിലേക്കു മാറ്റി. ഒരു ഓപ്പറേഷൻറെ ഭാഗമായി സൈനികരുമായി ഖന്നി ടോപ്പിലെ ഭാദേർവാ ചമ്പ അന്തർസംസ്ഥാന റോഡിലൂടെ പോകുകയായിരുന്ന കാസ്പിർ എന്ന ബുള്ളറ്റ് പ്രൂഫ് സൈനിക വാഹനം റോഡിൽ നിന്നും തെന്നിമാറി കൊക്കയിലേക്ക് പതിക്കുകയായിരുന്നു. 200 അടി താഴ്ചയിലേക്കാണ് വാഹനം മറിഞ്ഞത്.



# റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനായി പരിശീലന പരിപാടികൾക്ക് പ്രാമുഖ്യം നൽകും: മന്ത്രി കെ. ബി. ഗണേഷ് കുമാർ

റോഡ് സുരക്ഷാ ബോധവൽക്കരണത്തിനായി സെമിനാറുകൾ സംഘടിപ്പിച്ചാൽ മതിയാകില്ലെന്നും ഉദ്യോഗസ്ഥർക്കും ഡ്രൈവർമാർക്കും പ്രായോഗിക പരിശീലനം നൽകുന്നതാണ് പ്രധാനമെന്നും ഗതാഗത വകുപ്പ് മന്ത്രി കെ. ബി. ഗണേഷ് കുമാർ. സംസ്ഥാന മോട്ടോർ വാഹന വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ദേശീയ റോഡ് സുരക്ഷാ മാസാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം മാസ്കോട്ട് ഹോട്ടൽ സിംഫണി ഹാളിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

റോഡപകടങ്ങൾ കുറച്ച് കൊണ്ടുവരികയും ഇത്തരം അപകടങ്ങളിൽ മരണങ്ങൾ ഒഴിവാക്കുന്ന അവസ്ഥയിലേക്ക് കേരളത്തെ എത്തിക്കുകയുമാണ് ലക്ഷ്യമെന്ന് മന്ത്രി പറഞ്ഞു. വിദഗ്ധരെ പങ്കെടുപ്പിച്ചു കൊണ്ട് മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർക്ക് തീവ്ര പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. ഇത്തരത്തിൽ പരിശീലനം ലഭിക്കുന്നവരെ മാസ്റ്റർ ട്രെയിനർമാരായി നിയമിച്ചു കൊണ്ട് മറ്റ് ഉദ്യോഗസ്ഥർക്കും പരിശീലനം നൽകാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. പോലീസിനും ഇത്തരത്തിൽ ട്രെയിനിങ് ലഭ്യമാക്കേണ്ടതുണ്ടെന്നും മന്ത്രി പറഞ്ഞു.

ഡ്രൈവിംഗ് ലൈസൻസ് നൽകുന്ന കാര്യത്തിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. ലൈസൻസ് എടുത്തു പുറത്തിറങ്ങുന്നവർക്ക് വണ്ടി ഓടിക്കാൻ അറിയാമോ എന്ന് ഉറപ്പുവരുത്താൻ ആർ.ടി.ഒമാർ നേരിട്ട് പരിശോധിക്കുന്ന 'സൂപ്പർ ചെക്ക്' സംവിധാനം ഏർപ്പെടുത്തണം. ഡ്രൈവിംഗ് സ്കൂളുകൾ സിമുലേറ്ററുകൾ ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് മികച്ച പരിശീലനം നൽകണമെന്നും കെ.എസ്.ആർ.ടി.സി ഡ്രൈവിംഗ് സ്കൂളുകൾ ഇത്തരത്തിലാണ് പ്രവർത്തിക്കുന്നതെന്നും മന്ത്രി പറഞ്ഞു. തെറ്റായ രീതിയിൽ രേഖപ്പെടുത്തിയ സീബ്രാ ലൈനുകൾ മാറ്റി സ്ഥാപിക്കാൻ നിർദേശിച്ചിട്ടുണ്ടെന്നും കുഞ്ഞുങ്ങളിൽ റോഡ് സുരക്ഷാ ബോധം വളർത്താനായി ആനിമേറ്റഡ് വീഡിയോകൾ ഉൾപ്പടെ ഉപയോഗിച്ചു പ്രചാരണം നടത്തുമെന്നും മന്ത്രി പറഞ്ഞു.

ചടങ്ങിൽ ഐ.ഐ.ടി മദ്രാസിൽ നിന്നുള്ള പ്രതിനിധി ഡോ. റോഷൻ ജോസ് ബ്ലാക്ക് സ്പോട്ട് റിഡക്ഷൻ പ്രോഗ്രാമിനെക്കുറിച്ച് വിശദമായ അവതരണം നടത്തി. റോഡ് സുരക്ഷാ രംഗത്തെ മികച്ച സേവനങ്ങൾക്കും ബോധവൽക്കരണ പ്രവർത്തനങ്ങൾക്കുമുള്ള പുരസ്കാരങ്ങൾ ചടങ്ങിൽ വിതരണം ചെയ്തു. റോഡ് സുരക്ഷാ പ്രവർത്തനങ്ങൾക്ക് നൽകുന്ന പിന്തുണ പരിഗണിച്ച് മലയാള മനോരമയ്ക്കുള്ള പുരസ്കാരം ചീഫ് ജനറൽ മാനേജർ (പേഴ്സണൽ ആൻഡ് അഡ്മിനിസ്ട്രേഷൻ) എഡ്വിൻ വിനോദ് ജയിംസ് മന്ത്രിയിൽ നിന്നും ഏറ്റുവാങ്ങി. കോർപ്പറേറ്റ് തലത്തിൽ റോഡ് സുരക്ഷാ നയങ്ങൾ ഫലപ്രദമായി നടപ്പിലാക്കിയതിന് വോഡഫോൺ ഐഡിയക്ക് ലഭിച്ച അംഗീകാരം കേരള ഹെഡ് ജോർജ് ബി. എച്ച്. ഏറ്റുവാങ്ങി. ഇതോടൊപ്പം എൻ.ഐ.സി. ഉദ്യോഗസ്ഥർ, ശബരിമല സേഫ് സോൺ പ്രവർത്തനങ്ങളിൽ മികവ് കാട്ടിയ മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ, സുരക്ഷാ വിദഗ്ധർ തുടങ്ങിയവരെയും മന്ത്രി ആദരിച്ചു.

ചടങ്ങിൽ ട്രാൻസ്പോർട്ട് കമ്മീഷണർ നാഗരാജു ചക്കിലം സ്വാഗതം ആശംസിച്ചു. കൗൺസിലർ കെ.ആർ. ക്ലീറ്റസ്, അഡിഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ ഡോ. പ്രമോജ് ശങ്കർ, സ്മാർട്ട് സിറ്റി സി.ഇ.ഒ. രാഹുൽ കൃഷ്ണ ശർമ്മ, കെ.ആർ.എസ്.എ റോഡ് യൂസർ സേഫ്റ്റി ഡയറക്ടർ കലാ പി. തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.




സംസ്ഥാന മോട്ടോർ വാഹന വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ദേശീയ റോഡ് സുരക്ഷാ മാസാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ഗതാഗത വകുപ്പ് മന്ത്രി കെ ബി ഗണേഷ് കുമാർ നിർവഹിക്കുന്നു

# പട്ടയ വ്യവസ്ഥകളിലെ ലംഘനങ്ങളുടെ ക്രമീകരണം: 'ക്ലാർക്' പോർട്ടൽ സജ്ജമായി

കേരള ലാന്റ് അസൈൻമെന്റ് (റഗുലറൈസേഷൻ ഓഫ് കോൺട്രാവെൻഷൻസ്) ചട്ടങ്ങൾ 2025 പ്രകാരം, പട്ടയ വ്യവസ്ഥകളിലെ ലംഘനങ്ങൾ ക്രമീകരിച്ച് നൽകുന്നതിനായി നിർമിച്ച ക്ലാർക് (klarc) പോർട്ടൽ പ്രവർത്തനസജ്ജമായതായി റവന്യൂ വകുപ്പ് മന്ത്രി കെ. രാജൻ. സെക്രട്ടേറിയറ്റിലെ പി.ആർ ചേംബറിൽ നടന്ന വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ജനുവരി 23 മുതൽ പൊതുജനങ്ങൾക്ക് www.klarc.kerala.gov.in പോർട്ടലിലൂടെ അപേക്ഷ സമർപ്പിക്കാനാകും. വളരെ ലളിതമായ രീതിയിൽ എല്ലാവർക്കും കൈകാര്യം ചെയ്യാൻ കഴിയുന്ന തരത്തിലാണ് പോർട്ടൽ രൂപകൽപന ചെയ്തിരിക്കുന്നത്. അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച ഒരു ട്യൂട്ടോറിയൽ വീഡിയോ പോർട്ടലിൽ തന്നെ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു.

താമസത്തിനുള്ള കെട്ടിടങ്ങളും 3000 ചതു.അടി വരെയുള്ള വാണിജ്യ കെട്ടിടങ്ങളുടെ നിർമ്മിതികളും ക്രമവത്കരിക്കാൻ ഫോം എ, പൊതു ഇടങ്ങൾ, പൊതു കെട്ടിടങ്ങൾ, എയ്ഡഡ് സ്കൂൾ കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണം ക്രമവത്കരിക്കുന്നതിന് ഫോം ബി, ഇവയിൽ ഉൾപ്പെടാതെയുള്ള മറ്റ് ചട്ടങ്ങൾ ക്രമീകരിക്കുന്നതിനുള്ള ഫോം ഡി എന്നിങ്ങനെ മൂന്ന് തരത്തിൽ പോർട്ടലിലൂടെ അപേക്ഷിക്കാം.അപേക്ഷക്കാസ്പദമായ ഭൂമി സ്ഥിതി ചെയ്യുന്ന ജില്ലയും താലൂക്കും വില്ലേജും തണ്ടപ്പേർ നമ്പരും രേഖപ്പെടുത്തി സെർച്ച് ചെയ്യുമ്പോൾ റിലീസിൽ നിന്നും മറ്റെല്ലാ വിവരങ്ങളും ലഭ്യമാകത്തക്കവിധമാണ് പോർട്ടൽ സജ്ജീകരിച്ചിട്ടുള്ളത്. അപേക്ഷാ സമർപ്പണം മുതൽ ഉത്തരവ് വരെ, ചെല്ലാൻ അടയ്ക്കുന്നതുൾപ്പടെ പൂർണ്ണമായും ഓൺലൈനായാണ് നിർവ്വഹിക്കപ്പെടുന്നതെന്നും മന്ത്രി പറഞ്ഞു.പ്രകൃതി ദുരന്തത്തിൽ തകർന്ന റോഡുകളുടെ നിർമ്മാണത്തിനായി 'സുവീഥി' പോർട്ടൽ

പ്രകൃതി ദുരന്തത്തിൽ തകർന്ന സംസ്ഥാനത്തെ റോഡുകളുടെ നിർമ്മാണ അനുമതി മുതൽ ബിൽ സമർപ്പണം വരെയുള്ള എല്ലാ പ്രവൃത്തികളും നിർവ്വഹിക്കുന്നതിനായി ദുരന്ത നിവാരണ വകുപ്പിന് കീഴിൽ 'സുവീഥി' എന്ന പേരിൽ പുതിയ പോർട്ടൽ സജ്ജീകരിച്ചു. ജനപ്രതിനിധികൾക്ക് അവരുടെ അധികാരപരിധിയിൽ വരുന്ന പ്രകൃതി ദുരന്തത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണം സംബന്ധിച്ച് അപേക്ഷ സമർപ്പിക്കുന്നതിനും അതിന്റെ പുരോഗതികൾ ഓൺലൈനായി നിരീക്ഷിക്കുന്നതിനും സൗകര്യമുള്ള പോർട്ടലാണിത്. പോർട്ടലിന്റെ ഉദ്ഘാടനം നിയമസഭാ സ്പീക്കർ എ.എൻ ഷംസീർ നിയമസഭയിൽ വെച്ച് നിർവഹിക്കുമെന്ന് മന്ത്രി കെ. രാജൻ അറിയിച്ചു.

## അപേക്ഷ ക്ഷണിച്ചു

സംസ്ഥാന തൊഴിൽ നൈപുണ്യ വകുപ്പിന്റെ കീഴിലുള്ള കേരള അക്കദമി ഫോർ സ്കിൽസ് എക്സലൻസിന്റെ തിരുവനന്തപുരം ജില്ലാ നൈപുണ്യ വികസന കേന്ദ്രത്തിൽ തുടങ്ങുന്ന ബാച്ചിങ് പ്ലാന്റ് ഓപ്പറേറ്റർ കോഴ്സിലേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. യോഗ്യത: ഐ.ടി.ഐ. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 30. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് 100 ശതമാനം സ്കോളർഷിപ്പ് ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ; 9188910569.

## വിലനിലവാരസൂചിക

എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് 2025 നവംബർ മാസത്തെ വിലനിലവാര സൂചിക പ്രസിദ്ധീകരിച്ചു. ജില്ല, സൂചിക ക്രമത്തിൽ. 2025 ഒക്ടോബർ മാസത്തിലേത് ബ്രാക്കറ്റിൽ. തിരുവനന്തപുരം 219 (218), കൊല്ലം 214 (213), പുനലൂർ 209 (208), പത്തനംതിട്ട 222 (222), ആലപ്പുഴ 214 (214), കോട്ടയം 224 (224), മുണ്ടക്കയം 223 (225), ഇടുക്കി 219 (218), എറണാകുളം 209 (209), ചാലക്കുടി 223 (223), തൃശൂർ 222 (222), പാലക്കാട് 202 (201), മലപ്പുറം 213 (214), കോഴിക്കോട് 221 (221), വയനാട് 211 (213), കണ്ണൂർ 221 (222), കാസർഗോഡ് 231 (231).

## പെയിന്റിംഗ് മത്സരം സംഘടിപ്പിക്കും

സാംസ്കാരിക വകുപ്പിന് കീഴിലുള്ള ഗുരു ഗോപിനാഥ് നടനഗ്രാമത്തിൽ ജനുവരി 26 ന് രാവിലെ 9 മുതൽ 11 വരെ വിദ്യാർത്ഥികൾക്കായി പെയിന്റിംഗ് മത്സരം സംഘടിപ്പിക്കുന്നു. കെ.ജി വിഭാഗം, എൽ.പി, യു.പി, ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് : 04712 364771, 6238498983.

# വിഴിഞ്ഞം രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളുടെ നിർമാണോദ്ഘാടനം 24 ന് മുഖ്യമന്ത്രി നിർവഹിക്കും

ഇന്ത്യയിലെ ഏറ്റവും വലിയ ട്രാൻസ്ഷിപ്മെന്റ് ഹബ് ആകാനുള്ള ലക്ഷ്യവുമായി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ രണ്ടാംഘട്ട നിർമ്മാണം ആരംഭിക്കുന്നു. രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളുടെ നിർമാണ ഉദ്ഘാടനം ജനുവരി 24 വൈകിട്ട് നാലിന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുമെന്ന് തുറമുഖ വകുപ്പ് മന്ത്രി വി എൻ വാസവൻ നിയമസഭ മീഡിയ റൂമിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

തുറമുഖ വകുപ്പ് മന്ത്രി അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കേന്ദ്ര തുറമുഖ, ഷിപ്പിംഗ് ആന്റ് വാട്ടർവേയ്സ് മന്ത്രി സർബാനന്ദ സോനോവാൾ മുഖ്യതിഥിയായിരിക്കും. മന്ത്രിമാരായ കെ. രാജൻ, വി. ശിവൻകുട്ടി, കെ. എൻ. ബാലഗോപാൽ, സജി ചെറിയാൻ, ജി. ആർ. അനിൽ, പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ, മേയർ അഡ്വ. വി. വി. രാജേഷ്, എം.പി മാരായ ഡോ. ശശി തരൂർ, അഡ്വ. എ.എ. റഹിം, ഡോ. ജോൺ ബ്രിട്ടാസ്, അഡ്വ. അടൂർ പ്രകാശ്, എം.എൽ.എമാരാരായ അഡ്വ എം. വിൻസന്റ്, വി. ജോയി, ഒ.എസ്. അംബിക, വി. ശശി. ഡി. കെ. മുരളി, കടകംപള്ളി സുരേന്ദ്രൻ, അഡ്വ. വി.കെ. പ്രശാന്ത്, ജി. സ്റ്റീഫൻ, സി.കെ. ഹരീന്ദ്രൻ, ഐ.ബി. സതീഷ്, കെ. ആൻസലൻ, കളക്ടർ അനുകുമാരി, അദാനി പോർട്ട്സ് ആൻഡ് സ്പെഷ്യൽ ഇക്കണോമിക് സോൺ മാനേജിങ് ഡയറകർ കരൺ അദാനി, തുറമുഖ വകുപ്പ് സെക്രട്ടറി ഡോ. എ. കൗശിഗൻ, കേന്ദ്ര തുറമുഖ, ഷിപ്പിംഗ് ആന്റ് വാട്ടർവേയ്സ് വകുപ്പ് സെക്രട്ടറി വിജയ് കുമാർ, അദാനി പോർട്ട്സ് ആൻഡ് സ്പെഷ്യൽ ഇക്കണോക് സോൺ ഡയറക്ടറും സി.ഇ.ഒയുമായ അശ്വനി ഗുപ്ത, അദാനി വിഴിഞ്ഞം പ്രൈവറ്റ് പോർട്ട് ലിമിറ്റഡ് സി.ഇ.ഒ. പ്രദീപ് ജയരാമൻ, വി.ഐ.എ.എസ്.എൽ മാനേജിംഗ് ഡയറക്ടർ ഡോ. ദിവ്യ എസ്. അയ്യർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി. പ്രിയദർശിനി, കോട്ടുകാൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷിജ എസ്, കൗൺസിലർമാരായ ജെ. പനിയടിമ, കെ. എച്ച്. സുധീർഖാൻ, ഹഫ്സ സജീന, ലതിക കുമാരി, കേരള മാരിടൈം ബോർഡ് ചെയർമാൻ എൻ.എസ്. പിള്ള, ലത്തീൻ ആർച്ച് ബിഷപ്പ് ഡോ. തോമസ് ജെ. നെറ്റോ, പാളയം ജുമാ മസ്ജിദ് ചീഫ് ഇമാം ഡോ. വി. പി. ഷുഹെബ് മൗലവി, സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി എന്നിവർ പങ്കെടുക്കും.

സംസ്ഥാന സർക്കാരിന്റെ വികസനോന്മുഖമായ ഇടപെടലുകളുടെ ഫലമായി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ 2045 ൽ പൂർത്തിയാക്കേണ്ടിയിരുന്ന സമ്പൂർണ വികസനം 2028 ഓടെ യാഥാർത്ഥ്യമാക്കുവാൻ ഒരുങ്ങുകയാണ്. കൺസഷണയറുമായി 2023 ൽ ഏർപ്പെട്ട സപ്ലിമെന്ററി കണസഷൻ കരാർ പ്രകാരമാണ് തുറമുഖത്തിന്റെ 2, 3, 4 ഘട്ടങ്ങൾ 17 വർഷങ്ങൾക്കു മുമ്പേ സംയോജിതമായി വികസിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നത്.

തുറമുഖം പ്രവർത്തനം ആരംഭിച്ച് ഒരു വർഷം കഴിഞ്ഞപ്പോൾ തന്നെ 710 കപ്പലുകളിൽ നിന്നും 15.19 ലക്ഷം റ്റി.ഇ.യു കൈകാര്യം ചെയിതുകൊണ്ട് മികച്ച പ്രവർത്തന മികവ് കാഴ്ചവയ്ക്കാനായി. യൂറോപ്പ്, അമേരിക്ക, ആഫ്രിക്ക, ഏഷ്യ തുടങ്ങിയ വൻകരകളിലെ പ്രമുഖ തുറമുഖങ്ങളിലേക്ക് നേരിട്ടുള്ള സർവ്വീസുകൾ ആരംഭിക്കുവാനും സാധിച്ചിട്ടുണ്ട്. ആഗോള സമുദ്രാധിഷ്ഠിത ചരക്കു നീക്കത്തിൽ ഒരു സപ്രധാന കണ്ണിയായും ദക്ഷിണേഷ്യയുടെ ഒരു തന്ത്രപ്രധാന വാണിജ്യ കവാടമായും വിഴിഞ്ഞം തുറമുഖം ഇതിനോടകം മാറിക്കഴിഞ്ഞു.

ഇന്ത്യയിലെ ആദ്യ ഓട്ടോമേറ്റഡ് തുറമുഖമായ വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ തുറമുഖത്തിന്റെ ഒന്നാം ഘട്ടം (10 ലക്ഷം റ്റി.ഇ.യു കണ്ടെയ്നർ വാർഷിക സ്ഥാപിത ശേഷി) 2024 ഡിസംബർ 3ന് പ്രവർത്തനക്ഷമമായി. തുറമുഖത്തിന്റെ വാണിജ്യ പ്രവർത്തനങ്ങൾ വിജയകരമായി പുരോഗമിക്കുകയാണ്. വിജയഗാഥയുടെ തുടർച്ചയെന്നോണം തുറമുഖ വികസനത്തിന്റെ തുടർ ഘട്ടങ്ങൾ അതിവേഗം നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. രണ്ടാം ഘട്ടത്തിൽ തുറമുഖ ശേഷി 10 ലക്ഷം ടി.ഇ.യു-വിൽ നിന്ന് 50 ലക്ഷം ടി.ഇ.യു വരെ ആയി ഉയരും. ബെർത്ത് 800 മീറ്ററിൽ നിന്ന് 2000 മീറ്റർ ആയി വികസിപ്പിക്കും. ബ്രേക്ക് വാട്ടർ 3 കിലോമീറ്ററിൽ നിന്ന് 4 കിലോമീറ്റർ ആയി വികസിപ്പിക്കും.

റെയിൽവേ യാർഡ്,മൾട്ടി പർപ്പസ് ബെർത്ത്,ലിക്വിഡ് ടെർമിനൽ,ടാങ്ക് ഫാം എന്നിവയാണ് പുതിയ സൗകര്യങ്ങൾ. മാസ്റ്റർപ്ലാൻ അനുസരിച്ച് രണ്ടാംഘട്ടത്തിലെ ആകെ നിക്ഷേപം 9700 കോടി രൂപയാണ്. രണ്ടാംഘട്ട വികസനം പൂർത്തിയാകുമ്പോൾ വിഴിഞ്ഞം തുറമുഖത്ത് കണ്ടെയ്നറുകൾ എത്തിക്കാനും ഇവിടെ നിന്നു കണ്ടെയ്നറുകൾ കയറ്റുമതി ചെയ്യാനും കഴിയും. റോഡ് മാർഗമുള്ള കണ്ടെയ്നർ നീക്കവും സാധ്യമാവും. ക്രൂസ് ടെർമിനൽ കൂടി വരുന്നതോടെ വൻകിട യാത്രാ കപ്പലുകൾക്കും വിഴിഞ്ഞത്ത് അടുക്കാനാകും. കേരളത്തിലെ വിനോദസഞ്ചാര രംഗത്ത് വലിയ കുതിപ്പേകുന്നതിനൊപ്പം സാമ്പത്തിക വളർച്ചയ്ക്കും വഴിയൊരുങ്ങും.

രണ്ടാം ഘട്ടത്തിൽ നിർമ്മിക്കുന്ന ലിക്വിഡ് ടെർമിനൽ പൂർത്തിയാകുന്നതോടെ വൻ കപ്പലുകൾക്ക് ദീർഘദൂര യാത്രയ്ക്കിടയിൽ ഇന്ധനം നിറയ്ക്കാൻ വിഴിഞ്ഞം തുറമുഖത്തേക്ക് എത്താം. നിലവിൽ വമ്പൻ തുറമുഖങ്ങളിൽ മാത്രമേ ഈ സൗകര്യമുള്ളൂ. ഇത് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ കാര്യമായി സഹായിക്കും. തെക്കു കിഴക്കൻ ഏഷ്യയിൽ നിന്ന് യൂറോപ്പിലേക്കും തിരിച്ചുമുള്ള യാത്രയ്ക്കിടയിൽ രാജ്യാന്തര കപ്പൽ പാതയ്ക്കു സമീപത്തുനിന്ന് ഇന്ധനം നിറയ്ക്കാൻ സൗകര്യമുള്ളതിനാൽ കൂടുതൽ കപ്പലുകൾ വിഴിഞ്ഞത്തെ ആശ്രയിക്കും.

വിഴിഞ്ഞം രണ്ടാംഘട്ട വികസനത്തിനായി അധികമായി ഭൂമി ഏറ്റെടുക്കേണ്ടിവരില്ലെന്നതാണു നേട്ടം. 55 ഹെക്ടർ ഭൂമി കടൽ നികത്തിയെടുക്കും. കണ്ടെയ്നർ യാർഡ് വികസിക്കുന്നതോടെ ഒരേസമയം യാർഡിൽ സൂക്ഷിക്കാവുന്ന കണ്ടെയ്നറുകളുടെ എണ്ണം 35000 ൽ നിന്ന് ഒരു ലക്ഷമായി ഉയരും. ആകെ ക്രെയിനുകളുടെ എണ്ണം 100 ആകും. ഇതിൽ 30 ഷിപ്പ് ടു ഫോർ ക്രെയിനുകളും 70 യാഡ് ക്രെയിനുകളും ഉണ്ടാകും. 800 മീറ്റർ ബെർത്ത് എന്നത് 2 കിലോമീറ്ററാകും. ഇന്ത്യയിലെ ഏറ്റവും വലിയ സ്ട്രെയ്റ്റ് ബെർത്ത് തുറമുഖമാകുന്നതോടെ ഒരേസമയം 4 മദർഷിപ് വിഴിഞ്ഞത്ത് അടുപ്പിച്ച് ചരക്കു കൈമാറ്റം നടത്താനാകും. പുലിമുട്ടിന്റെ നീളം 4 കിലോമീറ്ററാക്കും. പുതിയതായി ഷിപ്പിങ് കമ്പനികളും ലോജിസ്റ്റിക് കമ്പനികളും വിഴിഞ്ഞത്തേക്ക് എത്തുന്നതിനനുസരിച്ച് തൊഴിലവസരങ്ങളും വർധിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

വിഴിഞ്ഞം വിജയവഴി

2015 ഡിസംബർ 5 - വിഴിഞ്ഞം തുറമുഖ നിർമാണം ആദ്യഘട്ടം ആരംഭം.

2023 ഒക്ടോബർ 15- വിഴിഞ്ഞം തുറമുഖത്ത് ആദ്യ കപ്പൽ, ക്രെയിനുകളും നിർമാണോപകരണങ്ങളുമായി ചൈനീസ് ചരക്കുകപ്പൽ 'ഷെൻ ഹുവ 15എ' വിഴിഞ്ഞത്ത്.

2024 ജൂലൈ 12 - ട്രയൽ റൺ ആരംഭിച്ചു.

2024 ഡിസംബർ 3 - വാണിജ്യാടിസ്ഥാനത്തിൽ ഔദ്യോഗികമായി പ്രവർത്തനം ആരംഭം.

2025 ഫെബ്രുവരി - തെക്കുകിഴക്കൻ ഇന്ത്യയിലെ തുറമുഖങ്ങളിൽ ഒന്നാം സ്ഥാനത്ത് വിഴിഞ്ഞം, 40 കപ്പലുകളിൽ നിന്ന് 78,833 റ്റി.ഇ.യു കൈകാര്യം ചെയ്ത് നേട്ടം. 2025 മെയ് 2 - വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ഔദ്യോഗികമായി കമ്മീഷൻ ചെയ്തു

2025 ജൂൺ 09 - ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലായ 'എം.എസ്.സി ഐറിന' വിഴിഞ്ഞത്ത്.

2025 ആഗസ്റ്റ് - 9 മാസത്തിനുള്ളിൽ വാർഷികശേഷിയായ 10 ലക്ഷം കണ്ടെയ്നറുകൾ കൈകാര്യം ചെയ്ത് ചരിത്രനേട്ടം.

2025 സെപ്റ്റംബർ 23 - വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം തുടങ്ങി വെറും പത്ത് മാസത്തിനുള്ളിൽ 500-മാത്തെ കപ്പൽ വിഴിഞ്ഞത്ത്.

ഇന്ത്യയിൽ ഇതുവരെ എത്തിയതിൽ ഏറ്റവും ഡ്രാഫ്റ്റ് കൂടിയ (17.1 മീറ്റർ) കപ്പലായ 'എം.എസ്.സി വെറോണ' വിഴിഞ്ഞത്ത് ബെർത്ത് ചെയ്തു.

2025 ഒക്ടോബർ 19 - ഷിപ്പ് ടു ഷിപ്പ് ബങ്കറിങ് സർവീസ് ആരംഭിച്ചു. കപ്പലുകൾക്ക് ഇന്ധനം നൽകുന്ന ലോകോത്തര സേവനം.

2025 നവംബർ 20 - വിഴിഞ്ഞം തുറമുഖത്തിന് ഐ.സി.പി പദവി, അന്താരാഷ്ട്ര സീപോർട്ട് പട്ടികയിൽ വിഴിഞ്ഞം.

2025 ഡിസംബർ - ഒരു മാസം 1.21 ലക്ഷം കണ്ടെയ്നർ കൈകാര്യം ചെയ്ത് റെക്കോർഡ് നേട്ടം.

## മേട്രൺ ഒഴിവ്

തൃശൂർ ജില്ലയിലെ ഒരു അർധസർക്കാർ സ്ഥാപനത്തിൽ മേട്രൺ ട്രേഡ് കക തസ്തികയിൽ (സ്ത്രീകൾ മാത്രം) ഒരു താത്കാലിക ഒഴിവുണ്ട്.

ബി.കോമും ഏതെങ്കിലും അംഗീകൃത സ്ഥാപനത്തിൽ സ്റ്റോർ, അക്കൗണ്ടിങ് എന്നിവ കൈകാര്യം ചെയ്യുന്നതിലുള്ള രണ്ടു വർഷത്തെ പ്രവൃത്തിപരിചയവുമാണ് യോഗ്യത. പ്രായപരിധി 18-36 വയസ്. യോഗ്യതയുള്ളവർ ഫെബ്രുവരി 15നകം അടുത്തുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യണം.

## ടെക്നിക്കൽ ഹൈസ്കൂൾ പ്രവേശനത്തിന് രജിസ്ട്രേഷൻ ആരംഭിച്ചു

നെടുമങ്ങാട് സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിൽ പ്രവേശനത്തിന് രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചു. പൊതുവിദ്യാഭ്യാസത്തോടോപ്പം 6 സ്പെഷ്യലിസ്റ്റ് ട്രേഡുകളിൽ (ഫിറ്റിങ്, വെൽഡിങ്, ഇലക്ട്രിക്കൽ വയറിങ് & മെയ്ൻറനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസസ്, ആട്ടോമൊബൈൽ, ടേണിങ് & ഇലക്ട്രോപ്ലേറ്റിംഗ്) സാങ്കേതിക പരിജ്ഞാനം നേടാൻ കുട്ടികൾക്ക് അവസരം.

എട്ടാം ക്ലാസ്സിൽ അനുവദിച്ചിട്ടുള്ള 90 സീറ്റുകളിലേക്കാണ് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രവേശനം നൽകുന്നത്. കായികക്ഷമതയ്ക്ക് ഫിസിക്കൽ എഡ്യൂക്കേഷൻ ലാബ്, 60 ൽ പരം കമ്പ്യൂട്ടറുകൾ സജ്ജീകരിച്ച കമ്പ്യൂട്ടർ ലാബ്, ഇംഗ്ലീഷ് പ്രാവീണ്യം നേടാൻ എൻറിച്ച് യുവർ ഇംഗ്ലീഷ് പദ്ധതിയുമുണ്ട്. സ്കോളർഷിപ്പും ലഭിക്കും. വിശദവിവരങ്ങൾക്ക്: 9846170024, 7907788350, 9446686362, 9645814820, 7907938093, 9645888216, 6235762545.

## ഇന്ത്യ@77ക്വിസ് ചലഞ്ച്

റിപ്പബ്ലിക് ദിനാഘോഷത്തോടനുബന്ധിച്ച് ഭരണഘടനയുടെ മൂല്യങ്ങൾ യുവാക്കളിലേക്കെത്തിക്കുക എന്ന ലക്ഷ്യത്തോടെ കിലെ ഐഎഎസ് അക്കാദമി ഇന്ത്യ@77 ക്വിസ് ചലഞ്ച് സംഘടിപ്പിക്കുന്നു. ഡിഗ്രി തലത്തിലുള്ളവർക്കായി ജനുവരി 26നാണ് ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്.

വിജയികൾക്ക് യു.പി.എസ്.സി പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിന് പ്രയോജനപ്പെടുന്ന പുസ്തകങ്ങളും സ്കോളർഷിപ്പുമാണ് സമ്മാനമായി നൽകുക. പങ്കെടുക്കാൻ താൽപര്യമുള്ളവർക്ക് www.kile.kerala.gov.in/kileiasacademy സൈറ്റ് മുഖേന രജിസ്റ്റർ ചെയ്യാം. വിശദവിവരങ്ങൾക്ക് 8075768537 എന്ന നമ്പറിൽ വാട്സ്ആപ്പ് ചെയ്യുകയോ ബന്ധപ്പെടുകയോ ചെയ്യാം.

## സ്വർണക്കൊള്ളയിൽ തലസ്ഥാനം പുകയുന്നു; യൂത്ത്കോൺഗ്രസ് മാർച്ചിൽ സംഘർഷം

തിരുവനന്തപുരം: ശബരിമല സ്വർണക്കൊള്ളയിൽ യൂത്ത്കോൺഗ്രസ് നടത്തിയ നിയമസഭാ മാർച്ചിൽ സംഘർഷം. യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡൻറ് ഒ. ജി. ജനീഷ്, അബിൻ വർക്കി എന്നിവരുടെ നേതൃത്വത്തിലാണ് പ്രതിഷേധം നടന്നത്. ബാരിക്കേഡ് മറികടക്കാൻ ശ്രമിച്ച പ്രവർത്തകർക്ക് നേരെ പോലീസ് ഒന്നിലധികം തവണ ജലപീരങ്കിയും കണ്ണീർ വാതകവും പ്രയോഗിച്ചു. പോലീസ് വാഹനങ്ങൾക്ക് നേരെ കല്ലേറുണ്ടായി. പലർക്കും ദേഹാസ്വാസ്ഥ്യം ഉണ്ടായി. പലർക്കും പരിക്കേറ്റു. പരിക്കേറ്റ പ്രവർത്തകരെ ആശുപത്രിയിലേക്ക് മാറ്റി. രണ്ട് പ്രവർത്തകരെ പോലീസ് അറസ്റ്റ് ചെയ്തു. മുദ്രാവാക്യം വിളികളോടെ പ്രവർത്തകർ സ്ഥലത്ത് തുടരുകയാണ്. ഇത് അന്തിമസമരം അല്ലെന്നും തലസ്ഥാനത്തും ജില്ലാ കേന്ദ്രങ്ങളിലും തുടർ സമരങ്ങൾ ഉണ്ടാകുമെന്നും യൂത്ത്കോൺഗ്രസ് അധ്യക്ഷൻ ഒ. ജെ. ജനീഷ് പ്രതികരിച്ചു.

# മണിപ്പൂരിൽ ക്രൂരത: കുക്കി വംശജയായ ഭാര്യയെ കാണാനെത്തിയ മെയ്തേയ് യുവാവിനെ വെടിവച്ചു കൊന്നു; ദൃശ്യങ്ങൾ പുറത്ത്

ഇംഫാൽ: മണിപ്പൂരിൽ വംശീയ സംഘർഷം തുടരുന്നതിനിടെ, കുക്കി വിഭാഗത്തിൽപ്പെട്ട ഭാര്യയെ കാണാൻ പോയ മെയ്തേയ് യുവാവിനെ ആയുധധാരികൾ വെടിവച്ചു കൊന്നു.

ചുരാചന്ദ്പൂർ ജില്ലയിലെ നഥ്ജാംഗ് ഗ്രാമത്തിൽ ബുധനാഴ്ച വൈകുന്നേരമാണ് അതിഭീകരമായ ഈ സംഭവം നടന്നത്. കൊലപാതകത്തിൻറെ ദൃശ്യങ്ങൾ സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ട്. കാക്ചിംഗ് ഖുനൗ സ്വദേശിയായ മായംഗ്ലാംബം റിഷികാന്ത സിംഗ് എന്ന യുവാവാണ് കൊല്ലപ്പെട്ടത്.

ഇയാൾ നേപ്പാളിലാണ് ജോലി ചെയ്തിരുന്നത്. കഴിഞ്ഞ ഒരു മാസമായി യുവാവ് ചുരാചന്ദ്പൂരിലെ ഗ്രാമത്തിൽ കുക്കി വംശജയായ ഭാര്യ ചിംഗു ഹാവോക്കിപ്പിനൊപ്പമാണ് താമസിച്ചിരുന്നത്. ഇയാൾ അവിടെയുള്ള കാര്യം കുക്കി ഗ്രാമവാസികൾക്കും അധികൃതർക്കും അറിയാമായിരുന്നു.

എന്നാൽ ബുധനാഴ്ച വൈകുന്നേരം പുറത്തുനിന്ന് ഗ്രാമത്തിലെത്തിയ ചില ആയുധധാരികൾ ഇയാളെ പിടികൂടി വെടിവച്ചു കൊല്ലുകയായിരുന്നു.

പുറത്തുവന്ന വീഡിയോയിൽ, യുവാവ് നിലത്തിരുന്നു കൈകൂപ്പി അപേക്ഷിക്കുന്നത് കാണാം.

എന്നാൽ അക്രമികൾ യാതൊരു ദയയുമില്ലാതെ ഇയാൾക്കു നേരെ വെടിയുതിർക്കുകയായിരുന്നു. സംഭവം നടന്നതായി ചുരാചന്ദ്പൂർ എസ്പി ഗൗരവ് ഡോഗ്ര സ്ഥിരീകരിച്ചിട്ടുണ്ട്. ആയുധധാരികളായ അക്രമികളാണ് ഇതിനു പിന്നിലെന്നും അവരെ കണ്ടെത്താനുള്ള അന്വേഷണം ആരംഭിച്ചതായും പോലീസ് അറിയിച്ചു. ഇതുവരെ ആരും കൊലപാതകത്തിൻറെ ഉത്തരവാദിത്തം ഏറ്റെടുത്തിട്ടില്ല.

കൂടുതൽ സംഘർഷങ്ങൾ ഒഴിവാക്കാൻ മേഖലയിൽ സുരക്ഷ ശക്തമാക്കിയിട്ടുണ്ട്



ടെക്നോപാർക്ക് സന്ദർശിച്ച അന്താരാഷ്ട്ര പ്രതിനിധി സംഘവുമായി ടെക്നോപാർക്ക് മാർക്കറ്റിംഗ് ആൻഡ് കസ്റ്റമർ റിലേഷൻഷിപ്പ് ഡെപ്യൂട്ടി വൈസ് പ്രസിഡന്റ് വസന്ത് വരദയുടെയും കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (ട്രിവാൻഡ്രം സോൺ) ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ ആശയവിനിമയം നടത്തി. കാനഡയിലെ ഇന്നൊവേഷൻ നെറ്റ് വർക്ക് ഗ്ലോബൽ സിഇഒ ഡോ. മെയ് സിക്സിക്, യുനെസ്കോയിലെ ഇന്റർനാഷണൽ സെന്റർ ഫോർ തിയററ്റിക്കൽ ഫിസിക്സിലെ എമെരിറ്റസ് സയന്റിസ്റ്റ് ഡോ. ജോസഫ് നീമേല, സിഎംസി മൈക്രോ സിസ്റ്റംസ് പ്രസിഡന്റും സിഇഒയുമായ ഡോ. ഗോർഡൻ ഹാർലിംഗ്, സിഡബ്ല്യു പെൻസെക് പ്രിൻസിപ്പൽ പാർട്ണർ ഡോ. ഗ്രിഗറി കാർപെന്റർ, ബിസി-ഇന്ത്യ ബിസിനസ് നെറ്റ് വർക്ക് കോ-പ്രസിഡന്റ് ശോഭന ജയ മാധവൻ എന്നിവരടങ്ങുന്നതായിരുന്നു പ്രതിനിധി സംഘം. സിഐഐ തിരുവനന്തപുരം സോൺ ചെയർമാൻ നിഖിൽ പ്രദീപ്, സിഐഐ തിരുവനന്തപുരം സോൺ ഡെപ്യൂട്ടി ഡയറക്ടർ സജി മാത്യു, എൻകെഒആർആർ പ്രസിഡന്റ് രാകേഷ് രാമചന്ദ്രൻ, ഇന്നോന്യൂർ സിഇഒ സിജോ ലൂയിസ്, ടിൽറ്റ് ലാബ്സ് സിഇഒ നിഖിൽ ചന്ദ്രൻ, ഇൻസ്കേപ് ലാബ്സ് ഫൗണ്ടിംഗ് പാർട്ണർ രഞ്ജിത് വിജയൻ എന്നിവരും സംബന്ധിച്ചു.

# ഓപ്പറേഷൻ സിന്ദൂർ വിജയമാക്കിയത് രാജ്യത്തിൻെറ സ്വന്തം ആർട്ടിഫിഷൽ ഇന്റലിജൻസ്

ദാവോസ്: സ്വിറ്റ്സർലൻഡിലെ ദാവോസിൽ നടക്കുന്ന ലോക സാമ്പത്തിക ഫോറത്തിൽ ഇന്ത്യയുടെ സൈനിക സാങ്കേതിക കരുത്ത് വെളിപ്പെടുത്തി കേന്ദ്ര ഐടി മന്ത്രി അശ്വിനി വൈഷ്ണവ്. അതിർത്തിയിൽ ഇന്ത്യൻ സൈന്യം അടുത്തിടെ നടത്തിയ 'ഓപ്പറേഷൻ സിന്ദൂർ' എന്ന സുപ്രധാന ദൗത്യത്തിൽ ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച ആർട്ടിഫിഷ്യൽ ഇൻറലിജൻസ് നിർണായക പങ്കുവഹിച്ചതായി അദ്ദേഹം വെളിപ്പെടുത്തി.

ദാവോസിലെ ആഗോള നേതാക്കൾക്കു മുന്നിൽ ഇന്ത്യയുടെ ഡിജിറ്റൽ പരിവർത്തനത്തെക്കുറിച്ചും പ്രതിരോധ മേഖലയിലെ കരുത്തിനെക്കുറിച്ചും സംസാരിക്കവെയാണ് മന്ത്രിയുടെ പരാമർശം.

പാക് അധീന കശ്മീരിൽ ഭീകരവാദികളുടെ ലോഞ്ച് പാഡുകൾ ലക്ഷ്യമിട്ട് ഇന്ത്യൻ സൈന്യം നടത്തിയ അതിശക്തമായ നീക്കത്തിലാണ് രാജ്യത്തിൻറെ ആർട്ടിഫിഷ്യൽ ഇൻറലിജൻസ് സംവിധാനം പ്രയോജനപ്പെടുത്തിയത്. ശത്രുക്കളുടെ സാന്നിധ്യവും നീക്കങ്ങളും കൃത്യമായി മനസിലാക്കാൻ ആർട്ടിഫിഷൽ ഇൻറലിജൻസ് സാങ്കേതികവിദ്യ സൈന്യത്തെ സഹായിച്ചു. ഉപഗ്രഹ ചിത്രങ്ങൾ, ഡ്രോണുകൾ നൽകുന്ന വിവരങ്ങൾ, റേഡിയോ സിഗ്നലുകൾ എന്നിവ വേഗത്തിൽ വിശകലനം ചെയ്തു ശത്രുക്കളുടെ കൃത്യമായ സ്ഥാനങ്ങൾ കണ്ടെത്താൻ ഈ സംവിധാനം സഹായിച്ചു.

മഞ്ഞുവീഴ്ചയും മോശം കാലാവസ്ഥയും ഉള്ളപ്പോഴും ദൃശ്യങ്ങൾ വ്യക്തമായി വിശകലനം ചെയ്യാൻ ഈ സാങ്കേതികവിദ്യ സഹായിച്ചതായും മന്ത്രി പറഞ്ഞു.

പ്രതിരോധ രംഗത്തു വിദേശ സാങ്കേതികവിദ്യകളെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിൻറെ ഭാഗമായി ഇന്ത്യ സ്വന്തമായി വികസിപ്പിച്ചെടുത്തതാണ് ഈ സംവിധാനം.

# ഡ്രൈവർ

മുട്ടത്തറയിലെ സിമെറ്റ് കോളേജ് ഓഫ് നഴ്സിങ്ങിൽ ദിവസ വേതന വ്യവസ്ഥയിൽ ഡ്രൈവർ നിയമനത്തിന് (പ്രതിദിനം 730 രൂപ) അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സിയും കുറഞ്ഞത് 10 വർഷത്തെ പ്രവർത്തി പരിചയവുമാണ് യോഗ്യത. 55 വയസ് കവിയരുത്. പി.സി.സി (പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്) വേണം.

താൽപ്പര്യമുള്ള അപേക്ഷകർ അപേക്ഷ, ബയോഡേറ്റ, വയസും യോഗ്യതയും തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ പകർപ്പുകൾ എന്നീ രേഖകൾ സഹിതം ഫെബ്രുവരി 7 വൈകിട്ട് 5 നകം പ്രിൻസിപ്പൽ, സിമെറ്റ് കോളേജ് ഓഫ് നഴ്സിങ് മുട്ടത്തറ, പാറ്റൂർ, വഞ്ചിയൂർ പി. ഒ. തിരുവനന്തപുരം 695035 വിലാസത്തിൽ ലഭ്യമാക്കണം.

# കമിതാക്കളായ മുസ്ലീം യുവാവിനെയും ഹിന്ദു യുവതിയെയും വെട്ടിക്കൊന്നു

ലക്നോ: ഉത്തർപ്രദേശിലെ മൊറാദാബാദിൽ കമിതാക്കളായ മുസ്ലിം യുവാവിനെയും ഹിന്ദു യുവതിയെയും പെൺകുട്ടിയുടെ ബന്ധുക്കൾ കെട്ടിയിട്ടു വെട്ടിക്കൊന്നു.

അർമാൻ(27), കാജൽ (22) എന്നിവരാണ് മരിച്ചത്. സൗദി അറേബ്യയിൽ ജോലി ചെയ്തിരുന്ന അർമാൻ കുറച്ചു മാസങ്ങളായി മൊറാദാബാദിലായിരുന്നു താമസം. ഇതിനിടെ കാജലിനെ പരിചയപ്പെടുകയും ഇരുവരും പ്രണയത്തിലാകുകയും ചെയ്തു.

ഇതേക്കുറിച്ച് അറിഞ്ഞ കാജലിൻറെ സഹോദരന്മാർ ബന്ധം അവസാനിപ്പിക്കണമെന്ന് കാജലിനോട് ആവശ്യപ്പെട്ടു. മൂന്നു ദിവസങ്ങൾക്ക് മുൻപ് അർമാനെയും കാജലിനെയും കാണാതായെന്നു കാട്ടി അർമാൻറെ പിതാവ് ഹനീഫ് പോലീസിൽ പരാതി നൽകി.

അന്വേഷണത്തിനിടെ ഇരുവരെയും തങ്ങൾ കൊലപ്പെടുത്തിയെന്നു കാജലിൻറെ സഹോദരന്മാർ പോലീസിനു മൊഴി നൽകുകയായിരുന്നു. മൃതദേഹങ്ങൾ കുഴിച്ചിട്ട സ്ഥലം ഇവർ പോലീസിനു കാണിച്ചുകൊടുക്കുകയും ചെയ്തു.

ഇരുവരെയും കെട്ടിയിട്ട് വെട്ടിക്കൊല്ലുകയായിരുന്നുവെന്ന് ഇവർ പോലീസിനോടു സമ്മതിച്ചു. പെൺകുട്ടിയുടെ മൂന്നു സഹോദരങ്ങൾക്കെതിരെ കൊലക്കുറ്റം ചുമത്തിയെന്നും ഇവരെ കസ്റ്റഡിയിലെടുത്തുവെന്നും പോലീസ് അറിയിച്ചു.

# ഭോജ്ശാല തർക്കം: വസന്ത പഞ്ചമി ദിനത്തിൽ ഇരുവിഭാഗങ്ങൾക്കും പ്രാർത്ഥനയ്ക്ക് അനുമതി നൽകി സുപ്രീംകോടതി

ന്യൂഡൽഹി: മധ്യപ്രദേശിലെ ധാറിലുള്ള വിവാദമായ ഭോജ്ശാല കമൽ മൗല പള്ളി സമുച്ചയത്തിൽ വസന്ത പഞ്ചമി പ്രമാണിച്ച് ഹിന്ദുക്കൾക്കും മുസ്ലിംകൾക്കും പ്രാർത്ഥന നടത്താൻ സുപ്രീംകോടതി അനുമതി നൽകി. ജനുവരി 23 വെള്ളിയാഴ്ച വസന്ത പഞ്ചമി (സരസ്വതി പൂജ) വരുന്ന സാഹചര്യത്തിലാണ് സുപ്രീംകോടതിയുടെ ഈ നിർണായക ഉത്തരവ്. വസന്ത പഞ്ചമി ദിനത്തിൽ സൂര്യോദയം മുതൽ സൂര്യാസ്തമയം വരെ ഹിന്ദുക്കൾക്ക് പൂജ നടത്താൻ കോടതി അനുമതി നൽകി. അതേസമയം, മുസ്ലിംകൾക്ക് ഉച്ചയ്ക്ക് ഒരു മണി മുതൽ മൂന്ന് മണി വരെ ജുമാ നിസ്കാരം നിർവ്വഹിക്കാനും സമയം അനുവദിച്ചു. നിസ്കാരത്തിന് എത്തുന്നവരുടെ പട്ടിക ജില്ലാ ഭരണകൂടത്തിന് മുൻകൂട്ടി നൽകണമെന്ന് കോടതി നിർദ്ദേശിച്ചു. ഇരുവിഭാഗങ്ങളും പരസ്പര ബഹുമാനം പുലർത്തണമെന്നും ക്രമസമാധാന പാലനത്തിനായി ഉദ്യോഗസ്ഥരുമായി സഹകരിക്കണമെന്നും ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ബെഞ്ച് അഭ്യർത്ഥിച്ചു. വസന്ത പഞ്ചമി വെള്ളിയാഴ്ച തന്നെ വന്നതിനാൽ സംഘർഷ സാധ്യത കണക്കിലെടുത്ത് കനത്ത സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ കോടതി ജില്ലാ ഭരണകൂടത്തിന് നിർദ്ദേശം നൽകി. എണ്ണായിരത്തോളം സുരക്ഷാ ഉദ്യോഗസ്ഥരെ സ്ഥലത്ത് വിന്യസിച്ചിട്ടുണ്ട്.

പതിനൊന്നാം നൂറ്റാണ്ടിലെ ഈ സ്മാരകം സരസ്വതി ക്ഷേത്രമാണെന്ന് ഹിന്ദുക്കളും കമൽ മൗല പള്ളിയാണെന്ന് മുസ്ലിംകളും വിശ്വസിക്കുന്നു. നിലവിൽ 2003ലെ

പുരാവസ്തു ഗവേഷക വകുപ്പിന്റെ ഉത്തരവ് പ്രകാരം ചൊവ്വാഴ്ചകളിൽ ഹിന്ദുക്കൾക്കും വെള്ളിയാഴ്ചകളിൽ മുസ്ലിംകൾക്കും ഇവിടെ പ്രാർത്ഥനയ്ക്ക് അനുവാദമുണ്ട്. എന്നാൽ വസന്ത പഞ്ചമിയും വെള്ളിയാഴ്ചയും ഒന്നിച്ചു വരുമ്പോഴുണ്ടാകുന്ന അവകാശ തർക്കത്തിലാണ് ഇപ്പോൾ കോടതി ഇടപെട്ടിരിക്കുന്നത്.

# അജ്സലിന് ഇരട്ട ഗോൾ; സന്തോഷ് ട്രോഫിയിൽ പഞ്ചാബിനെ വീഴ്ത്തി കേരളം

ദിബ്രുഗഢ്: സന്തോഷ് ട്രോഫി ഫുട്ബോളിൽ ശക്തരായ പഞ്ചാബിനെ വീഴ്ത്തി കേരളം. ആസാമിലെ സിലാപത്തർ രാജീവ് ഗാന്ധി സ്റ്റേഡിയത്തിൽ ഒന്നിനെതിരേ മൂന്നു ഗോളുകൾക്കാണ് കേരളത്തിൻറെ ജയം. കളിയുടെ ആദ്യ പകുതിയിൽ മറുപടിയില്ലാതെ ഒരു ഗോളിനു പിന്നിൽ നിന്ന ശേഷം മുഹമ്മദ് അജ്സൽ ഇരട്ടഗോൾ മികവിലാണ് കേരളത്തിൻറെ വിജയക്കുതിപ്പ്. ആദ്യ പകുതിയുടെ 27-ാം മിനിറ്റിൽ പഞ്ചാബ് താരം ജതീന്ദർ സിംഗാണ് ആദ്യ ഗോൾ നേടിയത്. രണ്ടാം പകുതിയുടെ തുടക്കത്തിൽ 55-ാം മിനിറ്റിൽ എം. മനോജിൻറെ ഗോളിൽ കേരളം സമനില പിടിച്ചു. പിന്നാലെ കനത്ത പോരാട്ടത്തിനൊടുവിൽ 58,62 മിനിറ്റുകളിൽ മുഹമ്മദ് അജ്സൽ തുടർച്ചയായി വലകുലുക്കിയതോടെ മത്സരം 3 1ന് അവസാനിച്ചു.

ഗ്രൂപ്പ് ബിയിൽ 24ന് റെയിൽവേസുമായാണ് കേരളത്തിൻറെ അടുത്ത മത്സരം. എട്ടാം കിരീടം ലക്ഷ്യമിട്ടാണ് കേരളം ഇറങ്ങുന്നത്.

# കൊറിയൻ യുവതിക്ക് ലൈംഗീകാതിക്രമം; വിമാനത്താവള ജീവനക്കാരൻ അറസ്റ്റിൽ

ബംഗളൂരു: കൊറിയൻ യുവതിക്ക് നേരെ ലൈംഗീകാതിക്രമം നടത്തിയ ബംഗളൂരു കെംപഗൗഡ അന്താരാഷ്ട്ര വിമാനത്താവളത്തിലെ ഗ്രൗണ്ട് സ്റ്റാഫ് അറസ്റ്റിൽ. മുഹമ്മദ് അഫാൻ ആണ് അറസ്റ്റിലായത്.

വിമാനത്താവളത്തിൽ ടിക്കറ്റും ലഗേജും പരിശോധിക്കുന്നതിനിടെ ജീവനക്കാരൻ ലൈംഗികമായി ഉപദ്രവിച്ചു എന്നാണ് കൊറിയൻ വിനോദസഞ്ചാരി കിം സംഗ് ക്യുംഗ് പരാതിയിൽ പറയുന്നത്. ജനുവരി 19നാണ് കേസിനാസ്പദമായ സംഭവം. ഇമിഗ്രേഷൻ നടപടികൾ പൂർത്തിയാക്കിയ യുവതിയോട് ലഗേജ് പരിശോധന നടത്തണം എന്നാവശ്യപ്പെട്ടാണ് വിമാനത്താവളത്തിലെ ജീവനക്കാരനായ അഫാൻ അഹമ്മദ് സമീപിച്ചത്. ചെക്ക്-ഇൻ ലഗേജിൽ നിന്നു ബീപ്പ് ശബ്ദം കേൾക്കുന്നു എന്നായിരുന്നു അഹമ്മദ് പറഞ്ഞത്.

വിശദമായ പരിശോധന യുവതിയുടെ വിമാനം വൈകിപ്പിക്കുമെന്നും പകരം വ്യക്തി പരിശോധന നടത്താമെന്നും അഹമ്മദ് നിർദേശിച്ചു. തുടർന്ന്, യുവതിയെ വാഷ്റൂമിനടുത്തേക്കു കൊണ്ടുപോയി. അവിടെവച്ച് അനുവാദമില്ലാതെ ശരീരത്തിൽ പലതവണ സ്പർശിച്ചു. പിന്നീട് പിന്നിൽനിന്ന് ആലിംഗനം ചെയ്തതായും യുവതി പറയുന്നു.

എതിർത്തപ്പോൾ യുവാവ് നന്ദി പറഞ്ഞതിന് ശേഷം നടന്നുപോയെന്നും ഇവർ പരാതിയിൽ പറയുന്നു. ഇതേക്കുറിച്ചു സുരക്ഷാജീവനക്കാരോടു യുവതി പരാതിപ്പെട്ടു. തുടർന്ന് ഇവർ മുഹമ്മദ് അഫാനെ കസ്റ്റഡിയിലെടുത്ത് പോലീസിനു കൈമാറുകയായിരുന്നു.

# സർക്കാർ അംഗീകൃത തൊഴിലധിഷ്ഠിത കോഴ്സുകളിൽ സീറ്റൊഴിവ്

കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് & ട്രെയിനിംഗിന്റെ ആഭിമുഖ്യത്തിൽ. തിരുവനന്തപുരത്തുള്ള ട്രെയിനിംഗ് ഡിവിഷനിൽ ആരംഭിച്ച ഡിപ്ലോമ ഇൻ മൾട്ടിമീഡിയ, ഡിപ്ലോമ ഇൻ പാക്കേജിംഗ് ടെക്നോളജി എന്നീ സർക്കാർ അംഗീകൃത തൊഴിലധിഷ്ഠിത കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് പ്രവേശനം ആരംഭിച്ചു.പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിദ്യാർത്ഥികൾക്ക് നിയമാനുസൃത ഫീസ് സൗജന്യമാണ്. പ്രസ്തുത കാലയളവിൽ സ്റ്റൈപ്പന്റും ലഭിക്കും. ഒ.ബി.സി/എസ്.ഇ.ബി.സി/മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വരുമാന പരിധിയ്ക്ക് വിധേയമായി ഫീസ് സൗജന്യമാണ്.

അപേക്ഷകർ വിദ്യാഭ്യാസ യോഗ്യത, ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും പാസ്സ്പോർട്ട് സൈസ് ഫോട്ടോ സഹിതം കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് & ട്രെയിനിംഗ്, ട്രെയിനിംഗ് ഡിവിഷൻ, സിറ്റിസെന്റർ, പുന്നപുരം, പടിഞ്ഞാറേകോട്ട, തിരുവനന്തപുരം- 695024 എന്ന വിലാസത്തിൽ നേരിട്ട് ഹാജരാകണം. ഫോൺ: 0471-2474720, 0471-2467728, വെബ്സൈറ്റ്: www.captkerala.com.

# ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ പേര് മാറ്റണമെന്ന ഹർജി തള്ളി സുപ്രീംകോടതി; 'അനാവശ്യ ഹർജി'യെന്ന് വിമർശനം

ന്യൂഡൽഹി: ഭാരതത്തിന്റെ ദേശീയ ക്രിക്കറ്റ് ടീമിനെ 'ടീം ഇന്ത്യ' എന്ന് വിളിക്കുന്നത് തടയണമെന്നും പേര് മാറ്റണമെന്നും ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി സുപ്രീം കോടതി തള്ളി. ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ബെഞ്ചാണ് ഹർജി പരിഗണിച്ചത്. ഇത്തരം അനാവശ്യ ഹർജികൾ നൽകി കോടതിയുടെ സമയം കളയരുതെന്ന് കോടതി ഹർജിക്കാരന് മുന്നറിയിപ്പ് നൽകി. ബിസിസിഐ ഒരു സ്വകാര്യ സംഘടനയാണെന്നും അത് സർക്കാരിന്റെ ഔദ്യോഗിക പ്രതിനിധിയല്ലെന്നുമാണ് ഹർജിയിൽ പറഞ്ഞിരുന്നത്.

അതിനാൽ ബിസിസിഐ തിരഞ്ഞെടുക്കുന്ന ടീമിനെ 'ടീം ഇന്ത്യ' എന്ന് വിളിക്കുന്നത് പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുമെന്നും ദേശീയ ചിഹ്നങ്ങൾ ഉപയോഗിക്കുന്നത് നിയമവിരുദ്ധമാണെന്നും ഹർജിക്കാരൻ വാദിച്ചു. 'ലോകമെമ്പാടും കളിച്ച് ഇന്ത്യയെ പ്രതിനിധീകരിക്കുന്ന ടീം ഇന്ത്യയെ പ്രതിനിധീകരിക്കുന്നില്ല എന്ന് എങ്ങനെ പറയാനാകും ' എന്ന് കോടതി ചോദിച്ചു. ഗവൺമെന്റ് അല്ലാത്ത ഏതെങ്കിലും സ്വകാര്യ ക്ലബ്ബാണ് ഈ പേര് ഉപയോഗിക്കുന്നതെങ്കിൽ സർക്കാരിന് പരാതി നൽകാമെന്നും എന്നാൽ ഇത് തികച്ചും അനാവശ്യമായ വാദമാണെന്നും കോടതി നിരീക്ഷിച്ചു. നേരത്തെ ഡൽഹി ഹൈക്കോടതിയും ഈ ഹർജി തള്ളിയിരുന്നു. ഹൈക്കോടതി ഹർജിക്കാരന് പിഴ ചുമത്തേണ്ടതായിരുന്നുവെന്നും എങ്കിൽ സുപ്രീംകോടതി വരെ ഈ പരാതി എത്തില്ലായിരുന്നുവെന്നും ചീഫ് ജസ്റ്റിസ് അഭിപ്രായപ്പെട്ടു. ഹർജിക്കാരന് 10 ലക്ഷം രൂപ പിഴ ചുമത്താൻ കോടതി ആദ്യം ആലോചിച്ചുവെങ്കിലും വക്കീലിന്റെ അഭ്യർത്ഥന പ്രകാരം പിഴ ഒഴിവാക്കി. എങ്കിലും ഇത്തരം ഹർജികൾ ഭാവിയിൽ പ്രോത്സാഹിപ്പിക്കില്ലെന്ന് കോടതി വ്യക്തമാക്കി.

# പാസ്റ്ററെ മർദ്ദിക്കുകയും അപമാനിക്കുകയും ചെയ്ത സംഭവം: ഒഡീഷയിൽ നാല് പേർ കസ്റ്റഡിയിൽ

ഭുവനേശ്വർ: ഒഡീഷയിലെ ധെൻകനാലിൽ പാസ്റ്ററെ ക്രൂരമായി മർദ്ദിക്കുകയും അപമാനിക്കുകയും ചെയ്ത സംഭവത്തിൽ നാല് പേരെ പോലീസ് കസ്റ്റഡിയിലെടുത്തു. നിർബന്ധിത മതപരിവർത്തനം നടത്തുന്നു എന്ന് ആരോപിച്ചായിരുന്നു ഒരു സംഘം ആളുകൾ പാസ്റ്റർക്ക് നേരെ അക്രമം നടത്തിയത്. കഴിഞ്ഞ ദിവസം ഗ്രാമത്തിലെത്തിയ പാസ്റ്ററെ ഒരു സംഘം തടഞ്ഞുനിർത്തുകയും ചോദ്യം ചെയ്യുകയുമായിരുന്നു. തർക്കത്തിനിടയിൽ അക്രമിസംഘം ഇദ്ദേഹത്തെ മർദ്ദിക്കുകയും ബലമായി തല മുണ്ഡനം ചെയ്ത് അപമാനിക്കാൻ ശ്രമിക്കുകയുമായിരുന്നു. പാസ്റ്റർ ഗ്രാമവാസികളെ പ്രലോഭിപ്പിച്ച് മതപരിവർത്തനത്തിന് പ്രേരിപ്പിക്കുന്നു എന്നായിരുന്നു അക്രമികളുടെ വാദം. എന്നാൽ ഈ ആരോപണം പാസ്റ്ററും ബന്ധുക്കളും നിഷേധിച്ചിട്ടുണ്ട്. മർദ്ദനത്തിന്റെ ദൃശ്യങ്ങൾ സമൂഹമാധ്യമങ്ങളിൽ പ്രചരിച്ചെങ്കിലും പത്ത് ദിവസങ്ങൾക്ക് ശേഷമാണ് പോലീസ് കേസെടുത്തത്. സിസിടിവി ദൃശ്യങ്ങളും മൊബൈൽ വീഡിയോകളും പരിശോധിച്ചാണ് പ്രതികളെ തിരിച്ചറിഞ്ഞത്. നിലവിൽ കസ്റ്റഡിയിലുള്ള നാല് പേരെയും പോലീസ് ചോദ്യം ചെയ്തു വരികയാണ്.

# കമലേശ്വരത്തെ യുവതിയുടെയും മാതാവിൻറെയും ആത്മഹത്യ; മകളുടെ ഭർത്താവിനെതിരെ കേസെടുക്കും

തിരുവനന്തപുരം: കമലേശ്വരത്ത് യുവതിയും മാതാവും സയനൈഡ് കഴിച്ച് ജീവനൊടുക്കിയ സംഭവത്തിൽ കേസ്. മരിച്ച ഗ്രീമയുടെ ഭർത്താവ് ഉണ്ണികൃഷ്ണനെതിരെ ഗാർഹികപീഡനത്തിനും ആത്മഹത്യ പ്രേരണ കുറ്റത്തിനും കേസെടുക്കും.ഗ്രീമയുടെയും മാതാവിൻറെയും ആത്മഹത്യ കുറിപ്പിൽ ഉണ്ണികൃഷ്ണനെതിരെ ഗുരുതര പരാമർശങ്ങളാണുള്ളത്. 200 പവൻ സ്ത്രീധനമായി വാങ്ങിയിട്ടും മാനസികമായി പീഡിപ്പിച്ചുവെന്നാണ് ആത്മഹത്യാകുറിപ്പിലുള്ളത്. ലോക്കറിൽ സൂക്ഷിച്ചിരിക്കുന്ന സ്വർണത്തിനും സ്വത്തിനും ഉണ്ണികൃഷ്ണന് അവകാശമില്ലെന്നും കുറിപ്പിലുണ്ട്. ഉണ്ണികൃഷ്ണൻറെ ബന്ധുവിൻറെ മരണവീട്ടിൽ വച്ചുണ്ടായ അധിക്ഷേപമാണ് ആത്മഹത്യക്ക് കാരണമെന്ന് കുറിപ്പ്. കമലേശ്വരത്ത് സജ്ജന (53), ഗ്രീമ (33) എന്നിവരാണ് മരിച്ചത്. നാട്ടുകാർ നൽകിയ വിവരത്തെ തുടർന്ന് പൂന്തുറ പോലിസെത്തി വാതിൽ തുറന്നപ്പോഴാണ് രണ്ടുപേരെയും മരിച്ച നിലയിൽ കണ്ടെത്തിയത്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിന്റെ ഔദ്യോഗിക ലോഗോ മുഖ്യമന്ത്രി പിണറായി വിജയൻ പ്രകാശനം ചെയ്യുന്നു

# പട്ടയഭൂമി ജീവനോപാധിക്ക് വിനിയോഗിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള ചട്ട രൂപീകരണം; മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേർന്നു

കൃഷിക്കും ഗൃഹനിർമ്മാണത്തിനും മറ്റുമായി പതിച്ച് നൽകിയ പട്ടയഭൂമി, ജീവനോപാധി ലക്ഷ്യമാക്കി മറ്റുതരത്തിൽ വിനിയോഗിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള ചട്ടങ്ങളുടെ രൂപീകരണവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ ഉന്നതതലയോഗം ചേർന്നു. ചട്ടലംഘനങ്ങൾ ക്രമീകരിക്കുന്നതിന് സ്വീകരിച്ചതിനേക്കാൾ ലളിതവും ജനങ്ങൾക്ക് സൗകര്യപ്രദവുമാകണം പുതിയ ചട്ടങ്ങൾ എന്ന് മുഖ്യമന്ത്രി പറഞ്ഞു. മലയോര ജില്ലയിലെ കർഷകരുടെ ജീവിതരീതിക്ക് വന്ന മാറ്റങ്ങൾക്കനുസൃതമായി വേണം ജീവനോപാധിക്കുള്ള ഭൂവിനിയോഗത്തെ കാണേണ്ടത്.

സർക്കാർ നൽകിയ ആവശ്യത്തിനല്ലാതെ മറ്റൊന്നിനും ഭൂമി വിനിയോഗിക്കാത്ത, ചട്ടലംഘനം നടത്താത്ത ഉടമകൾ എന്നത് പരിഗണിച്ച് ഏറ്റവും ലഘൂകരിച്ചുള്ള നടപടിക്രമങ്ങളും വ്യവസ്ഥകളുമാണ് ചട്ടങ്ങളിലുണ്ടാവേണ്ടത്. പൂർണമായും കർഷക സൗഹൃദമായ നില സ്വീകരിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

തരംമാറ്റി വിനിയോഗിക്കുന്നതിനുള്ള അനുമതി തേടുന്നതിന് സമയപരിധി നിശ്ചയിക്കേണ്ടതില്ല. ഉടമ ആഗ്രഹിക്കുന്ന സമയത്ത് തരംമാറ്റം അനുവദിക്കാവുന്നതാണ്. പൊതുആവശ്യത്തിനും വ്യാപാരാവശ്യത്തിനുമുള്ള നിർമ്മിതികൾക്കായുള്ള തരംമാറ്റലിൻറെ കാര്യത്തിൽ അപേക്ഷാ ഫീസ് മാത്രം ഈടാക്കി മാറ്റം അനുവദിക്കണം.

ഏതാവശ്യത്തിനാണോ തരം മാറ്റപ്പെടുന്നത് അതിനനുസൃതമായ നിർമ്മാണങ്ങൾ, ഭൂമിയുടെ പരിവർത്തനങ്ങൾ എന്നിവക്ക് ആകെ ഭൂമിയുടെ നിശ്ചിത ശതമാനം വരെയെന്ന് നിജപ്പെടുത്തണം. എന്നാൽ ചെറിയ അളവിലുള്ള പട്ടയങ്ങളിൽ ഈ വ്യവസ്ഥയ്ക്ക് മതിയായ ഇളവും ലഭിക്കണം. തരം മാറ്റുന്നതിന് നിശ്ചിത സമയപരിധി നിശ്ചയിക്കണം. പട്ടയം ലഭ്യമല്ലാത്ത സാഹചര്യത്തിൽ അപേക്ഷയോടൊപ്പം നിജസ്ഥിതി സർട്ടിഫിക്കറ്റ് പരിഗണിക്കണം. ഉയർന്ന അളവിലുള്ള തരംമാറ്റലിന് അപേക്ഷാഫീസിന് പുറമേ നിശ്ചിത ഫീസ് ഈടാക്കാവുന്നതാണ്. എന്നാൽ അത് കനത്ത ഫീസ് ആകരുത്.

അപേക്ഷകൾ തഹസിൽദാർ പരിശോധിച്ച് അതത് ജില്ലയിൽ തന്നെ അനുമതി നൽകുന്നതിനുള്ള വ്യവസ്ഥ ഉണ്ടാകണം. നിർമാണങ്ങളെ പരിവർത്തനം ലക്ഷ്യമിടുന്ന ആദായം അടിസ്ഥാനമാക്കി തരംതിരിക്കാമെന്നും മുഖ്യമന്ത്രി പറഞ്ഞു.

യോഗത്തിൽ റവന്യൂ വകുപ്പ് മന്ത്രി കെ രാജൻ, ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ, അഡ്വക്കറ്റ് ജനറൽ കെ ഗോപാലകൃഷ്ണകുറുപ്പ്, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പങ്കെടുത്തു.

# ട്വൻറി20 എൻഡിഎയിൽ; തെരഞ്ഞെടുപ്പിന് മുമ്പ് നിർണായക രാഷ്ട്രീയനീക്കം

തിരുവനന്തപുരം: സാബു എം. ജേക്കബിൻറെ നേതൃത്വത്തിലുള്ള ടവൻറി20 പാർട്ടി എൻഡിഎയിൽ. സാബു എം. ജേക്കബും ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖറും തമ്മിൽ കൊച്ചിയിൽ വച്ച് നടന്ന കൂടിക്കാഴ്ചയിലാണ് നിർണായക തീരുമാനം ഉണ്ടായത്. പിന്നാലെ നടന്ന വാർത്താ സമ്മേളനത്തിൽ ഇക്കാര്യം രാജീവ് ചന്ദ്രശേഖർ ഔദ്യോഗികമായി പ്രഖ്യാപിച്ചു.

'ടവൻറി 20 ഇന്ന് എൻഡിഎയുടെ ഭാഗമായി. നാളെ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കുന്ന പരിപാടിയിൽ ടവൻറി20യും സാബു ജേക്കബും ഔദ്യോഗികമായി എൻഡിഎയുടെ ഭാഗമാകും. എൻഡിഎ മുന്നോട്ട് വയക്കുന്ന കാഴ്ചപ്പാട്, വികസിത കേരളം, വിശ്വാസ സംരക്ഷണം, സുരക്ഷിത കേരളം എന്നിവയാണ്. ഇത് ഞങ്ങൾ മുന്നോട്ടുവച്ച് നാടിൻറെ സംസ്കാരത്തിൽ മാറ്റം കൊണ്ടുവരികയാണ് ലക്ഷ്യമെന്ന് ആദ്യമേ പറഞ്ഞതാണ്. '– രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

വിവാദങ്ങളുടെ രാഷ്ട്രീയ സംസ്കാരം നാടിനെ ബാധിക്കുന്നുണ്ട്. വികസിത കേരളം മുന്നോട്ട് വയ്ക്കുന്ന പാർട്ടിയാണ് എൻഡിഎ എന്ന് ജനങ്ങൾക്ക് മനസിലായി. ടവൻറി20 എന്ന പാർട്ടി ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാനെത്തിയ പാർട്ടിയാണ്. അദ്ദേഹം തെലുങ്കാനയിൽ 20,000 തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. കേരളത്തിൽ ഒറ്റക്കെട്ടായി ഒരുമിച്ച് പ്രവർത്തിക്കുമെന്നും രാജീവ് ചന്ദ്രശേഖർ കൂട്ടിച്ചേർത്തു.

അതേസമയം, ജീവിതത്തിലെ നിർണായക തീരുമാനമെന്നും ഒരുപാട് ആലോചിച്ച് എടുത്ത തീരുമാനമെന്നും സാബു ജേക്കബ് വാർത്താ സമ്മേളനത്തിൽ വ്യക്തമാക്കി. ടവൻറി20 യെ ഉൻമൂലനം ചെയ്യാൻ ഇടതും വലതും ഒന്നിച്ചു. ഇല്ലാതെയാക്കണം എന്ന് തീരുമാനിച്ചവർക്കുള്ള മറുപടിയാണെന്നും സാബു ജേക്കബ് കൂട്ടിച്ചേർത്തു.

# മൂന്നാം പീഡനക്കേസ്: രാഹുൽ മാങ്കൂട്ടത്തിലിന്റെ ജാമ്യാപേക്ഷയിൽ വിധി പറയുന്നത് ശനിയാഴ്ചത്തേക്ക് മാറ്റി

പത്തനംതിട്ട: പാലക്കാട് എംഎൽഎ രാഹുൽ മാങ്കൂട്ടത്തിൽ പ്രതിയായ മൂന്നാമത്തെ പീഡനക്കേസിലെ ജാമ്യാപേക്ഷയിൽ പത്തനംതിട്ട പ്രിൻസിപ്പൽ ജില്ലാ സെഷൻസ് കോടതിയിൽ വാദം പൂർത്തിയായി. കേസിൽ വിധി പറയുന്നത് കോടതി ശനിയാഴ്ചത്തേക്ക് മാറ്റി.

തിരുവല്ല മജിസ്ട്രേറ്റ് കോടതി ജാമ്യം നിഷേധിച്ചതിനെ തുടർന്നാണ് രാഹുൽ സെഷൻസ് കോടതിയെ സമീപിച്ചത്. സെഷൻസ് ജഡ്ജി എൻ. ഹരികുമാർ വ്യാഴാഴ്ച വിശദമായ വാദം കേട്ടു. പ്രതിഭാഗത്തിന് വേണ്ടി അഡ്വ. ശേഖർ ജി. തമ്പിയും അഡ്വ. അഭിലാഷ് ചന്ദ്രനും ഹാജരായി.

പരാതിക്കാരിയുമായുള്ള ബന്ധം പരസ്പര സമ്മത പ്രകാരമുള്ളതായിരുന്നുവെന്നും രാഷ്ട്രീയ പ്രേരിതമായ കേസാണിതെന്നുമാണ് രാഹുലിന്റെ വാദം. പരാതിക്കാരി വിവാഹിതയാണെന്ന കാര്യം അറിയില്ലായിരുന്നുവെന്നും ഹോട്ടൽ മുറി ബുക്ക് ചെയ്തത് അവർ തന്നെയാണെന്നും പ്രതിഭാഗം കോടതിയിൽ പറഞ്ഞു.

സോഷ്യൽ മീഡിയ വഴി പരിചയപ്പെട്ട യുവതിയെ വിവാഹ വാഗ്ദാനം നൽകി പീഡിപ്പിച്ചു എന്നാണ് പ്രോസിക്യൂഷൻ ആരോപിക്കുന്നത്. പീഡനത്തെത്തുടർന്ന് യുവതി ഗർഭിണിയായെന്നും പിന്നീട് ഗർഭഛിദ്രം നടന്നുവെന്നും ആരോപണമുണ്ട്. പ്രതി തെളിവുകൾ നശിപ്പിക്കാൻ സാധ്യതയുണ്ടെന്നും അതിനാൽ ജാമ്യം നൽകരുതെന്നും പ്രോസിക്യൂഷൻ ശക്തമായി വാദിച്ചു.

ജനുവരി 11ന് പാലക്കാട്ടെ ഹോട്ടലിൽ നിന്നാണ് ക്രൈം ബ്രാഞ്ച് രാഹുലിനെ അറസ്റ്റ് ചെയ്തത്. നിലവിൽ അദ്ദേഹം റിമാൻഡിൽ കഴിയുകയാണ്. മറ്റു രണ്ട് പീഡനക്കേസുകൾ കൂടി ഇദ്ദേഹത്തിനെതിരെ നിലവിലുണ്ട്. ഈ കേസിൽ ശനിയാഴ്ച വരുന്ന വിധി രാഹുൽ മാങ്കൂട്ടത്തിലിന് നിർണ്ണായകമാകും. ജാമ്യം ലഭിച്ചില്ലെങ്കിൽ രാഹുലിന് ജയിലിൽ തന്നെ തുടരേണ്ടി വരും.

# സുനിത വില്യംസ് കോഴിക്കോട്ട്, കേരള ലിറ്ററേച്ചർ ഫെസ്റ്റിവല്ലിൽ പങ്കെടുക്കും

കോഴിക്കോട്: കേരള ലിറ്ററേച്ചർ ഫെസ്റ്റിവലിൻറെ ഭാഗമായി ബഹിരാകാശ സഞ്ചാരി സുനിതാ വില്യംസ് കോഴിക്കോട് എത്തി.

കരിപ്പൂർ വിമാനത്താവളത്തിൽ എത്തിയ സുനിതാ വില്യംസിനെ സംഘാടകർ സ്വാഗതം ചെയ്തു. ഭൂമിയെ വിശാലമായി കാണാൻ കഴിഞ്ഞതിൽ സന്തോഷമെന്ന് സുനിത വില്ല്യംസ് പറഞ്ഞു.

മനുഷ്യർ പരസ്പരം കലഹിക്കുന്നതെന്തിനെന്ന് മനസിലാകുന്നില്ല. നമ്മൾ ശ്വസിക്കുന്നത് ഓരേ വായുവും കുടിക്കുന്നത് ഒരേ വെള്ളവുമാണ്. ആളുകൾ പരസ്പരം പോരടിക്കുന്നത് കാണുമ്പോൾ അത്ഭുതം തോന്നാറുണ്ടെന്നും സുനിത വില്യംസ് വ്യക്തമാക്കി. ഇനിയും പുതിയ ബഹിരാകാശ യാത്രികർ ഉണ്ടാകട്ടേയെന്നും സുനിത വില്ല്യംസ് കോഴിക്കോട് നടന്ന പത്രസമ്മേളനത്തിൽ കൂട്ടിച്ചേർത്തു.

ഒൻപതാമത് കേരള ലിറ്ററേച്ചർ ഫെസ്റ്റിവലിൽ പങ്കെടുക്കാനായാണ് സുനിത വില്ല്യംസ് കേരളത്തിലെത്തിയത്. കെഎൽഎഫ് ഉദ്ഘാടന ചടങ്ങിലും ശേഷമുള്ള സംവാദ പരിപാടിയിലും സുനിതാ വില്യംസ് പങ്കെടുക്കും.

നാസയിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ചതിന് ശേഷം ആദ്യമായാണ് സുനിതാ വില്യംസ് ഒരു പൊതു പരിപാടിയിൽ പങ്കെടുക്കുന്നത്. 27 വർഷത്തെ സേവനത്തിന് ശേഷം കഴിഞ്ഞ ദിവസമാണ് സുനിത നാസയിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ചത്. ഡിസംബറിൽ വിരമിച്ചെങ്കിലും കഴിഞ്ഞ ദിവസമാണ് വിരമിക്കൽ നാസ പുറത്തുവിട്ടത്. 60 വയസായതോടെയാണ് സുനിതയുടെ വിരമിക്കൽ പ്രഖ്യാപനം.

ഇന്ന് വൈകീട്ട് ആറിന് കെഎൽഎഫിൻറെ ഉദ്ഘാടനം. മുഖ്യമന്ത്രി പിണറായി വിജയനാണ് ഉദ്ഘാടനം നിർവഹിക്കുന്നത്. വിശിഷ്ഠാതിഥികളായി സിനിമാ താരങ്ങളായ ഭാവന, പ്രകാശ് രാജ് തുടങ്ങിയവരും ചടങ്ങിൽ പങ്കെടുക്കും.

ഈ മാസം 25 വരെ കോഴിക്കോട് ബീച്ചിൽ എട്ട് വേദികളിലായാണ് സാഹിത്യോത്സവം അരങ്ങേറുക.

# മുന്നണി മാറ്റം അഭ്യൂഹത്തിനിടെ സഭകളുമായി അനുനയ നീക്കം; ലത്തീൻ സഭ കൊച്ചി രൂപത ആസ്ഥാനത്തെത്തി ജോസ് കെ. മാണി

കൊച്ചി: കൊച്ചി രൂപത ആസ്ഥാനത്തെത്തി ബിഷപ് ഡോ. ആൻറണി കാട്ടിപ്പറമ്പിലുമായി കൂടിക്കാഴ്ച്ച നടത്തി കേരള കോൺഗ്രസ് - എം അധ്യക്ഷൻ ജോസ് കെ. മാണി.

മുന്നണി മാറ്റത്തെ കുറിച്ചുള്ള അഭ്യൂഹങ്ങൾ നിലനിൽക്കെയാണ് ജോസ് കെ. മാണിയുടെ സന്ദർശനം. ലത്തീൻ സഭയുമായുള്ള അനുനയനീക്കത്തിൻറെ ഭാഗമായാണ് ജോസ് കെ. മാണിയുടെ സന്ദർശനം എന്നാണ് സൂചന.

ഫോർട്ട് കൊച്ചിയിലെ സഭ ആസ്ഥാനത്ത് എത്തിയാണ് ബിഷപ് ആൻറണി കാട്ടിപ്പറമ്പിലിനെ ജോസ് കെ. മാണി കണ്ടത്. അര മണിക്കൂറിലേറെ കൂടിക്കാഴ്ച നീണ്ടു. സന്ദർശനത്തിൽ രാഷ്ട്രീയ ലക്ഷ്യമൊന്നുമില്ല എന്നാണ് ബിഷപ്പും ജോസ് കെ. മാണിയും മാധ്യമങ്ങളോട് പറഞ്ഞത്.

ജോസ് കെ. മാണി ഗ്രൂപ്പിനെ യുഡിഎഫിലേക്ക് എത്തിക്കാൻ സഭ സമ്മർദം ചെലുത്തുന്നതായ അഭ്യൂഹങ്ങൾ നേരത്തെ ഉണ്ടായിരുന്നു. എന്നാൽ എൽഡിഎഫിൽ ഉറച്ചു നിൽക്കുകയാണ് എന്ന നിലപാടിലാണ് ജോസ് കെ. മാണി. ഇതിൽ സഭകൾക്ക് അതൃപ്തിയുണ്ടെന്ന വാർത്തകൾ പുറത്തുവന്നിരുന്നു. ഇതിനിടെയാണ് ജോസ് കെ. മാണിയുടെ സഭ ആസ്ഥാനത്തെ സന്ദർശനം.

അതേസമയം, മുന്നണി മാറ്റത്തിനായി സഭ ഇടപെട്ടുവെന്ന അഭ്യൂഹം ജോസ് കെ. മാണിയും മന്ത്രി റോഷി അഗസ്റ്റിനും നേരത്തെ തള്ളിയിരുന്നു. മുന്നണി മാറ്റ ചർച്ച ആവശ്യമില്ലായിരുന്നുവെന്ന വിമർശനവും കോട്ടയം ജില്ല കമ്മിറ്റിയിൽ ഉയർന്നിരുന്നു.

# ദീപക്കിൻറെ മരണം; ഷിംജിതയുടെ റിമാൻഡ് റിപ്പോർട്ട് പുറത്ത്

കോഴിക്കോട്: ഗോവിന്ദപുരം സ്വദേശി ദീപക് ജീവനൊടുക്കിയ സംഭവത്തിൽ പ്രതി ഷിംജിതയുടെ റിമാൻഡ് റിപ്പോർട്ട് പുറത്ത്.

ഷിംജിത ഫോണിൽ ഏഴ് വീഡിയോകൾ ചിത്രീകരിച്ചെന്നാണ് റിമാൻഡ് റിപ്പോർട്ടിൽ പറയുന്നത്. ബസിലെ സിസിടിവി ദൃശ്യങ്ങളിൽ അസ്വാഭാവികമായ ഒന്നും കണ്ടെത്തിയിട്ടില്ല. ദീപക് ആത്മഹത്യ ചെയ്തത് മനോവിഷമത്തിൽ എന്നും റിമാൻഡ് റിപ്പോർട്ടിൽ പറയുന്നു.

അതേസമയം കുന്നമംഗലം ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഷിംജിത ജാമ്യാപേക്ഷ സമർപ്പിച്ചു. അസിസ്റ്റൻറ് പ്രഫസറായ ഷിംജിതയ്ക്ക് നിയമത്തെക്കുറിച്ച് കൃത്യമായ അവബോധമുണ്ടായിരുന്നു.

എന്നിട്ടും അടുത്തുള്ള പോലീസ് സ്റ്റേഷനിലോ നിയമാധികാരികളെയോ വിവരം അറിയിക്കാതെ ഇത്തരത്തിലുള്ള വീഡിയോകൾ ചിത്രീകരിച്ച് സോഷ്യൽ മീഡിയയിൽ പങ്കുവയ്ക്കുകയായിരുന്നെന്ന് റിപ്പോർട്ടിൽ പറയുന്നു. ഷിംജിതയുടെ ഫോൺ പരിശോധിച്ചപ്പോൾ, ബസിൽ വച്ച് ദീപക്കിനെ അസ്വീകാര്യമായ രീതിയിൽ ഉൾപ്പെടുത്തി പലതവണ വീഡിയോ ചിത്രീകരിച്ചെന്ന് വ്യക്തമാകുന്നുണ്ടെന്നും റിമാൻഡ് റിപ്പോർട്ട് ചൂണ്ടിക്കാട്ടി.

ഷിംജിതയും ദീപകും യാത്ര ചെയ്ത ബസിൽ അസ്വാഭാവികമായി ഒന്നും നടന്നില്ലെന്നാണ് റിമാൻഡ് റിപ്പോർട്ടിൽ പറയുന്നത്. ബസിൽ നിന്ന് സ്വാഭാവികമായി, ഒന്നും സംഭവിക്കാത്ത രീതിയിലാണ് ഷിംജിത ഇറങ്ങിപോയത്. ബസ് ജീവനക്കാരോട് ഒരു പരാതിയും പറഞ്ഞിട്ടില്ല.

ഷിംജിത വടകര, പയ്യന്നൂർ തുടങ്ങിയ പോലീസ് സ്റ്റേഷനുകളിലോ മറ്റ് അധികാരപ്പെട്ട നിയമ കേന്ദ്രങ്ങളിലോ യാതൊരു വിധ പരാതികളും നൽകിയതായും കാണുന്നില്ലെന്നും റിമാൻഡ് റിപ്പോർട്ടിൽ പറയുന്നു. കൂടാതെ, ഷിംജിതയ്ക്ക് ജാമ്യം ലഭിച്ചാൽ മറ്റ് സ്ത്രീകളും ഇത്തരം പ്രവർത്തികളിലേർപ്പെട്ട്, കൂടുതൽ ആത്മഹത്യകളുണ്ടാകുമെന്നും റിമാൻഡ് റിപ്പോർട്ടിൽ പറയുന്നു.

# ചീഫ് മിനിസ്റ്റേഴ്സ് മെഗാക്വിസ് വിദ്യാഭ്യാസ ജില്ലാതല മത്സരം പൂർത്തിയായി

കേരളത്തിന്റെ സാമൂഹിക പുരോഗമന ചരിത്രം അടിസ്ഥാനമാക്കി സർക്കാർ സംഘടിപ്പിക്കുന്ന ചീഫ് മിനിസ്റ്റേഴ്സ് മെഗാ ക്വിസ് മത്സരത്തിന്റെ സ്കൂൾതല വിദ്യാഭ്യാസ ജില്ലാ മത്സരം പൂർത്തിയായി. സംസ്ഥാനത്തെ 40 വിദ്യാഭ്യാസ ജില്ലകളിൽ വിവിധ കേന്ദ്രങ്ങളിലായി നടന്ന മത്സരത്തിൽ 12,992 വിദ്യാർത്ഥികൾ പങ്കെടുത്തു. സ്കൂൾതല പ്രാരംഭഘട്ട മത്സരത്തിൽ വിജയികളായ ടീമുകളാണ് മത്സരത്തിൽ പങ്കെടുത്തത്.

ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ മേൽനോട്ടത്തിലായിരുന്നു മത്സരങ്ങൾ നടന്നത്. രാവിലെ 9 ന് എല്ലാ കേന്ദ്രങ്ങളിലും രജിസ്ട്രേഷൻ ആരംഭിച്ചു 10:30ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ മൊബൈലിൽ ലഭിച്ച ഒ ടി പി ഉപയോഗിച്ച് ചോദ്യപേപ്പർ ഡൗൺലോഡ് ചെയ്ത് 11 ന് ക്വിസ് മത്സരങ്ങൾ സംസ്ഥാന വ്യാപകമായി നടന്നു.വിദ്യാഭ്യാസ ജില്ലാതല ഘട്ടത്തിൽ വിജയിക്കുന്ന 10 ടീമുകൾ ജില്ലാതല മത്സരത്തിലേക്ക് യോഗ്യത നേടും. ജില്ലാതല ക്വിസ് മത്സരങ്ങൾ ജനുവരി 28ന് തുടങ്ങും. ജില്ലകളിലെ പ്രധാന വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ വച്ച് സ്പെഷ്യൽ ക്വിസ് മെഗാ ഷോകളായാണ് സ്കൂൾ, കോളേജ്തല മത്സരങ്ങൾ നടക്കുക. തുടർന്ന് ഫെബ്രുവരി മൂന്നാം വാരം ചീഫ് മിനിസ്റ്റേഴ്സ് മെഗാക്വിസ് ഗ്രാൻഡ് ഫിനാലെ തിരുവനന്തപുരത്ത് നടക്കും.ചീഫ് മിനിസ്റ്റേഴ്സ് മെഗാക്വിസ് സ്കൂൾ തല മത്സര വിജയികൾക്ക് ഒന്നാം സമ്മാനമായി അഞ്ച് ലക്ഷം രൂപയും രണ്ടാം സമ്മാനമായി മൂന്ന് ലക്ഷം രൂപയും മൂന്നാം സമ്മാനമായി രണ്ട് ലക്ഷം രൂപയും ലഭിക്കും. കോളേജ് തല മത്സര വിജയികൾക്ക് ഒന്നാം സമ്മാനമായി മൂന്ന് ലക്ഷം രൂപയും രണ്ടാം സമ്മാനമായി രണ്ട് ലക്ഷം രൂപയും മൂന്നാം സമ്മാനമായി ഒരു ലക്ഷം രൂപയും സമ്മാനമായി നൽകും. മെമന്റോ, പ്രശസ്തി പത്രം എന്നിവയും വിജയികൾക്ക് ലഭിക്കും.രാജ്യത്ത് തന്നെ ആദ്യമായാണ് സംസ്ഥാനത്തെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ഓൺലൈൻ സാധ്യതകൾ പ്രയോജനപ്പെടുത്തി സുതാര്യമായ രീതിയിൽ ക്വിസ് മത്സരം നടത്തുന്നത്. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് പൊതുവിദ്യാഭ്യാസ വകുപ്പും ഉന്നത വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചാണ് ചീഫ് മിനിസ്റ്റേഴ്സ് മെഗാ ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്. സി-ഡിറ്റ് ആണ് സാങ്കേതിക സഹായം ഒരുക്കുന്നത്.



തിരുവനന്തപുരം പട്ടം സെന്റ് മേരീസ് സ്കൂളിൽ നടന്ന ചീഫ് മിനിസ്റ്റേഴ്സ് മെഗാക്വിസ് വിദ്യാഭ്യാസ ജില്ലാതല മത്സരത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ

# രാഹുൽ ഗാന്ധിയുടെ 'ജിറാം' പരാമർശം വിവാദത്തിൽ; 'ഹിന്ദുവിരുദ്ധം' എന്ന് ബിജെപി

ന്യൂഡൽഹി: കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി നടത്തിയ 'ജിറാം' പരാമർശത്തെച്ചൊല്ലി രാഷ്ട്രീയ പോര് മുറുകുന്നു. രാഹുൽ ഗാന്ധിയുടെ പ്രസ്താവന ഹിന്ദു വിരുദ്ധമാണെന്നും അദ്ദേഹം ഭഗവാൻ രാമനെ അധിക്ഷേപിക്കുകയാണെന്നും ആരോപിച്ച് ബിജെപി രംഗത്തെത്തി.

ഒരു പൊതുപരിപാടിക്കിടെ സംസാരിക്കവേ, ബിജെപിയെയും ആർഎസ്എസിനെയും വിമർശിക്കുന്നതിനിടയിലാണ് രാഹുൽ ഗാന്ധി വിവാദ പരാമർശം നടത്തിയത്. 'ബിജെപിക്കാർ എപ്പോഴും ജിറാം ജിറാം എന്ന് പറയുന്നു, എന്താണ് ഈ ജിറാം എന്ന് എനിക്ക് മനസ്സിലാകുന്നില്ല' എന്നായിരുന്നു അദ്ദേഹത്തിന്റെ വാക്കുകൾ. ഭഗവാൻ രാമന്റെ പേര് രാഷ്ട്രീയ ലാഭത്തിനായി ബിജെപി ഉപയോഗിക്കുന്നതിനെ പരിഹസിക്കുക ലക്ഷ്യമിട്ടായിരുന്നു രാഹുലിന്റെ പരാമർശം.

എന്നാൽ രാഹുൽ ഗാന്ധിയുടെ പരാമർശം കോടിക്കണക്കിന് ഹിന്ദുക്കളുടെ വിശ്വാസത്തെ മുറിപ്പെടുത്തുന്നതാണെന്ന് ബിജെപി വക്താക്കൾ കുറ്റപ്പെടുത്തി. 'ജയ് ശ്രീറാം' എന്ന വിളിക്ക് പകരം 'ജിറാം' എന്ന് പരിഹസിക്കുന്നത് ഹിന്ദു ദൈവങ്ങളോടുള്ള അദ്ദേഹത്തിന്റെ പുച്ഛമാണ് കാണിക്കുന്നതെന്ന് ബിജെപി ഐടി സെൽ മേധാവി അമിത് മാളവ്യ ആരോപിച്ചു. എന്നാൽ രാഹുൽ ഗാന്ധിയുടെ വാക്കുകൾ